# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 മേയ് 1 | ദീപം 58 | നാളം 8 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 58–ാം വർഷം

# നിഖ്യാവിശ്വാസപ്രമാണം റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികനിയമം

നിഖ്യാസൂനഹദോസിന്റെ 1700-ാം വർഷം പ്രമാണിച്ച് നിഖ്യാസൂനഹദോസിനെയും നിഖ്യാവിശ്വാസപ്രമാണത്തെയുംകുറിച്ചുള്ള ഒരു പഠനപരമ്പര

12



**ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ**

ക്രിസ്ത്യാനിയായിരുന്നുവെങ്കിലും ആരിയൂസിന്റെ ആശയങ്ങളോടായിരുന്നു അദ്ദേഹത്തിനു കൂടുതൽ താത്പര്യം. അതിനാൽ, ആര്യനിസത്തെ എതിർക്കാനോ തകർക്കാനോ അദ്ദേഹം ഒന്നും ചെയ്തില്ല എന്നുമാത്രമല്ല, മറ്റൊരു പാഷണ്ഡതയായ സെമി-ആര്യനിസവും അക്കാലത്തു പ്രചരിക്കാൻ തുടങ്ങി.

ഗ്രേഷ്യൻ ചക്രവർത്തി (375-383)യാണ് അടുത്തതായി റോമിൽ ഭരണാധികാരിയായത്. അദ്ദേഹം ഒരു കത്തോലിക്കാവിശ്വാസിയായിരുന്നു. ആ സമയത്തു മാർപാപ്പായായിരുന്നത് ഡമാസൂസ് ഒന്നാമനായിരുന്നു (366-384). ആര്യനിസത്തിന്റെ ചില വകഭേദങ്ങൾ ഈ സമയത്തു നിലനിൽക്കുന്നുണ്ടായിരുന്നുവെങ്കിലും കപ്പദോസിയൻ പിതാക്കന്മാരായ ബേസിലും, ഗ്രിഗറി നസിയാൻസനും, ഗ്രിഗറി നിസ്സായും ഏറെ സ്വാധീനമുള്ളവരായിരുന്നു. യുവ-നിഖ്യാക്കാർ (young nyceans) എന്നാണ് അവർ അറിയപ്പെട്ടിരുന്നത്. അത്രമാത്രം സ്വാധീനം അന്ന് ക്രൈസ്തവലോകത്ത്, ദൈവശാസ്ത്രരംഗത്ത് അവർക്കുണ്ടായിരുന്നു. അവർ രൂപംകൊടുത്ത ഫോർമുല 'ഒരു സത്ത, മൂന്നു വ്യക്തികൾ' എന്നായിരുന്നു. പഴയ നിഖ്യാക്കാർ, പുതിയ നിഖ്യാക്കാർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ അന്നു രൂപപ്പെട്ടിരുന്നു. അന്ത്യോക്യായിലും അലക്സാണ്ട്രിയായിലും വ്യത്യസ്തരൂപങ്ങളാണ് വളർന്നുവന്നത്. അന്ത്യോക്യായിൽതന്നെ പൗളീനൂസിന്റെ നേതൃത്വത്തിൽ പഴയ നിഖ്യാക്കാരും മെലേനിയൂസിന്റെ നേതൃത്വത്തിൽ പുതിയ നിഖ്യാക്കാരും തമ്മിൽ വാക്കുതർക്കംവരെ ഉണ്ടായി. ഈയവസരത്തിലാണ് അന്നത്തെ റോമൻചക്രവർത്തി കത്തോലിക്കനായിരുന്ന തെയഡോഷ്യസ് ഒന്നാമൻ ഒരു കൗൺസിൽ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ പരിഹരിക്കാൻ പദ്ധതി തയ്യാറാക്കുന്നത്.

**നിഖ്യാവിശ്വാസപ്രമാണം കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിൽ (381)**

തെയഡോഷ്യസ് കൗൺസിൽ വിളിച്ചുകൂട്ടാൻ മറ്റൊരു കാരണവുംകൂടിയുണ്ട്. പുത്രന്റെ ദൈവത്വത്തെ സംബന്ധിച്ച വ്യത്യസ്ത ആശയങ്ങൾപോലെ ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവിനെ സംബന്ധിച്ച പുതിയ ആശയങ്ങൾ അക്കാലത്തു പ്രചരിക്കാൻ തുടങ്ങി. പരിശുദ്ധാരൂപിക്കും 'ദൈവികസത്ത്'യില്ല എന്നും പരിശുദ്ധാരൂപി പുത്രനെപ്പോലെതന്നെ ഒരു സൃഷ്ടിയാണെന്നും ചിലർ പ്രചരിപ്പിക്കാൻ തുടങ്ങി. പരിശുദ്ധാരൂപി പിതാവിന്റെ സൃഷ്ടിയാണെന്നുമാത്രമല്ല, പരിശുദ്ധാരൂപിക്ക് ഉയർന്ന പദവിയുള്ള മാലാഖായുടെ സ്ഥാനമാണെന്നുമൊക്കെയാണ് ഇക്കൂട്ടർ പഠിപ്പിച്ചത്. ആര്യനിസത്തിൽ പുത്രന്റെ ദൈവത്വം നിഷേധിക്കപ്പെട്ടുവെങ്കിൽ സെമി-ആര്യനിസത്തിൽ പരിശുദ്ധാത്മാവിന്റെ ദൈവത്വമാണ് നിഷേധിക്കപ്പെടുന്നത്. രണ്ടിലും ദൈവത്വം നിഷേധിക്കപ്പെടുന്നു എന്നതാണ് ഈ രണ്ടു പാഷണ്ഡതകൾതമ്മിലുള്ള സാദൃശ്യം. ആര്യനിസത്തോടുള്ള അടുപ്പംകൊണ്ടാണ് ഇതിനെ സെമി-ആര്യനിസമെന്നു വിളിക്കുന്നത്. ആദ്യത്തേതിൽ പുത്രന്റെ ദൈവത്വമാണെങ്കിൽ രണ്ടാമത്തേതിൽ പരിശുദ്ധാത്മാവിന്റെ ദൈവത്വമാണു നിഷേധിച്ചിരിക്കുന്നത്. ആര്യനിസത്തിലെ തത്ത്വമായ 'സബ്ഓർഡിനേഷനിസ'മാണ് ഇവിടെയും പ്രയോഗിച്ച് പരിശുദ്ധാത്മാവ് പിതാവിനു തുല്യനല്ല, താഴെയാണ് എന്നു സമർത്ഥിക്കുന്നത്.

പരിശുദ്ധാത്മാവിനെ സംബന്ധിക്കുന്ന ഈ പുതിയ ആശയങ്ങൾ ചർച്ച ചെയ്യാൻവേണ്ടി അത്തനേഷ്യസ് രണ്ടു സിനഡുകൾ 362 ലും 363 ലും അലക്സാണ്ട്രിയായിൽ വിളിച്ചുകൂട്ടി. അത്തനേഷ്യസ് വിപ്രവാസത്തിലായിരുന്ന കാലത്ത് നാലു കത്തുകൾ സെമി-ആര്യനിസത്തിനെതിരേ എഴുതുന്നുണ്ട്. ഈ കാലഘട്ടത്തിൽ റോമിലെ സഭയിൽ കൂടിയ സിനഡുകളിലും ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. പരിശുദ്ധാത്മാവിനെ എതിർത്തിരുന്നവരെ 'പ്നുമാത്തിക്കോയ്' (പരിശുദ്ധാത്മാവിനെ എതിർക്കുന്നവർ) എന്നാണ് വിളിച്ചിരുന്നത്. ഈ സിനഡുകളിൽ ഇത്തരക്കാരെ നിരാകരിക്കുന്നുണ്ട്. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന മാസിഡോണിയസ് ആയിരുന്നു ഇതിന്റെ പ്രധാന പ്രചാരകൻ. അതിനാൽ ഈ പാഷണ്ഡതയെ മാസിഡോണിയനിസം എന്നും വിളിക്കാറുണ്ട്. അത്തനേഷ്യസ് 373 ൽ മരിക്കുമ്പോഴും ഈ പ്രശ്നത്തിനു പരിഹാരമായിരുന്നില്ല. അദ്ദേഹത്തിനുശേഷം കപ്പദോസിയൻ പിതാക്കന്മാരായിരുന്നു സെമി-ആര്യനിസത്തെ എതിർത്തുകൊണ്ടിരുന്നത്.

മഹാനായ തെയഡോഷ്യസ് എന്നുകൂടി അറിയപ്പെടുന്ന തെയഡോഷ്യസ് ഒന്നാമൻ 379 ൽ റോമാ ചക്രവർത്തിയായി. തൊട്ടടുത്ത വർഷംതന്നെ 380 ഫെബ്രുവരിയിലായിരുന്നു അദ്ദേഹത്തിന്റെ തെസലോനിക്കാ വിളംബരം. കോൺസ്റ്റന്റൈന്റെ 313 ലെ മിലാൻ വിളംബരംപോലെതന്നെ പ്രസിദ്ധമാണിതും. രണ്ടും ക്രൈസ്തവമതത്തെ വളർത്താനുദ്ദേശിച്ചുള്ളവയായിരുന്നു. ഈ തെസലോനിക്കാവിളംബരംവഴി നിഖ്യാവിശ്വാസപ്രമാണം റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗിക വിശ്വാസമായി പ്രഖ്യാപിച്ചു. അപ്പസ്തോലപ്രമുഖനായ വി. പത്രോസിന്റെ വിശ്വാസം ഏറ്റുപറയാൻ ഓരോ ക്രിസ്ത്യാനിയും ഇതുവഴി കടപ്പെട്ടിരിക്കുന്നു. തൊട്ടടുത്തവർഷം (381) ആയിരുന്നു കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ്. സത്യവിശ്വാസം ദൃഢപ്പെടുത്തുക എന്ന ലക്ഷ്യമായിരുന്നു ഇതിനും. 392 ൽ തെയഡോഷ്യസ് ക്രൈസ്തവമതത്തിന് അനുകൂലമായി വീണ്ടും നിയമം കൊണ്ടുവരുന്നുണ്ട്. വിജാതീയകലാപരിപാടികൾ ഞായറാഴ്ചകളിൽ പാടില്ല എന്ന നിയമം കൊണ്ടുവന്നു.



381 മേയ് മുതൽ ജൂലൈ വരെയായിരുന്നു സമ്മേളനം. പൗരസ്ത്യറോമാസാമ്രാജ്യത്തിൽനിന്നുള്ള മെത്രാന്മാരേ ഇതിൽ സംബന്ധിച്ചുള്ളൂ. 150 പേരാണ് ഇതിൽ സന്നിഹിതരായത്; അത് നിഖ്യായെക്കാൾ വളരെ കുറവായിരുന്നുതാനും. അന്നത്തെ മാർപാപ്പാ ഡമാസൂസ് ഇതിൽ പങ്കെടുത്തില്ല. ആരെയും പ്രതിനിധികളായി അയച്ചുമില്ല. പകരം പാശ്ചാത്യമെത്രാന്മാർ ആ വർഷംതന്നെ ഒക്ടോബറിൽ ഇറ്റലിയിലെ അക്വീലിയായിൽ സമ്മേളിക്കുകയുണ്ടായി. രണ്ടിലെയും ചർച്ചകളും തീരുമാനങ്ങളും കൃത്യമായി ലഭ്യമല്ല. കോൺസ്റ്റാന്റിനോപ്പിൾ സമ്മേളനത്തിൽ ആദ്യം അധ്യക്ഷത വഹിച്ചത് അന്ത്യോക്യായിലെ പാത്രിയാർക്കീസായ മെലേസിയൂസ് ആയിരുന്നു. തെയഡോഷ്യസ് ചക്രവർത്തിക്ക് ഇഷ്ടപ്പെട്ട ആളായിരുന്നു അദ്ദേഹം. ഗ്രിഗറി നസിയാൻസനും ഇതിൽ സന്നിഹിതനായിരുന്നു. കോൺസ്റ്റാന്റിനോപ്പിൾ രൂപതയിലേക്ക് സെമി ആര്യനായ മാസിഡോണിയസിനു പകരമുള്ള ഗ്രിഗറിയുടെ നിയമനം ഈ കൗൺസിൽ സ്ഥിരീകരിച്ചു. ജറുസലേമിലെ വി. സിറിലിന്റെ *Catecheses Mystagogicae* ആദിമക്രൈസ്തവസാഹിത്യത്തിലെ അമൂല്യഗ്രന്ഥമായി പ്രഖ്യാപിച്ചു. മാസിഡോണിയൻ പക്ഷക്കാരായ 36 പേരെ അവരുടെ തെറ്റിനെക്കുറിച്ചു ബോധ്യപ്പെടുത്തിക്കൊടുക്കാനുള്ള ശ്രമം എന്നാൽ ഇവിടെ പരാജയപ്പെടുകയാണുണ്ടായത്.

മെലേസിയൂസ് താമസിയാതെ മരിച്ചതിനാൽ ഗ്രിഗറി നസിയാൻസൻ ആയിരുന്നു പിന്നീട് സമ്മേളനത്തിൽ ആധ്യക്ഷത വഹിച്ചിരുന്നത്. എന്നാൽ, 'പഴയ നിഖ്യാക്കാർ' എന്ന ലേബലിൽ അറിയപ്പെട്ടിരുന്ന പൗളിനൂസിനെ അന്ത്യോക്യായിലെ മെത്രാനാക്കാനുള്ള ഗ്രിഗറിയുടെ ശ്രമത്തെ കൗൺസിൽ എതിർത്തതിനാൽ ഗ്രിഗറി പിന്നെ അധ്യക്ഷസ്ഥാനത്തു തുടർന്നില്ല. പൗളിനൂസിന്റെ നേതൃത്വത്തിലുള്ള 'പഴയ നിഖ്യാ' ഗ്രൂപ്പിന്റെ ആശയങ്ങൾ കൗൺസിലിനു സ്വീകാര്യമല്ലാതിരുന്നതിനാലാണ് അദ്ദേഹത്തെ എതിർത്തത്. എന്നാൽ, പൗളിനുസിനെ മെത്രാനാക്കിയാൽ ആ ഗ്രൂപ്പ് തിരിച്ചുവരും എന്നുള്ള ഗ്രിഗറിയുടെ നല്ല ചിന്തയ്ക്ക് വിലയില്ലാതായിപ്പോയി. അലക്സാണ്ട്രിയായിലെ മെത്രാനായിരുന്ന തിമോത്തിയാണ് ഗ്രിഗറിയെ എതിർത്തത്. മെലേസിയൂസിന്റെ സുഹൃത്തായിരുന്ന ഫ്ളാവിയനെയാണ് അന്ത്യോക്യാസഭയുടെ തലവനായി കൗൺസിൽ തിരഞ്ഞെടുത്തത്. കോൺസ്റ്റാന്റിനോപ്പിൾ മെത്രാൻ സ്ഥാനത്തുനിന്നു മാറുമ്പോൾ ഗ്രിഗറി നടത്തിയ പ്രസംഗം വളരെ പ്രസിദ്ധമാണ്. തുടർന്നു മെത്രാനായ നെക്താരിയുസാണ് കൗൺസിൽ തീരുന്നതുവരെ അധ്യക്ഷത വഹിച്ചത്.

*(തുടരും)*

**കവിത** **അഡ്വ. എ. റ്റി. വാളനാട്ട്**

## ഞാൻ - നീ

ഒടുവിൽ നാം കണ്ടപ്പോൾ
എന്നോടു ചൊല്ലി നീ
എന്നെപ്പോലായിരുന്നെങ്കിലെന്ന്
എന്നെപ്പോൽതന്നെയാണല്ലോ നീയെന്നു ഞാൻ
എന്നേ മനസ്സിൽ കുറിച്ചിരുന്നു - ഞാൻ
എന്നേ മനസ്സിൽ കുറിച്ചിരുന്നു.
എൻ മുഖം കാണാൻ ഞാൻ കണ്ണാടി നോക്കണ്ടാ
നിന്നിൽ ഞാൻ കാണുന്നുണ്ടെന്റെ രൂപം
ഞാനെന്നും നീയെന്നുമുള്ളയീ ചിന്തകൾ
അജ്ഞാനമെന്നാലിതല്ലാതെ മറ്റെന്താ-
ണെന്നുള്ള ചോദ്യമെന്നിൽ തുടിച്ചു.
ഒന്നൊന്നായ് തൊട്ടെണ്ണി നില്ക്കുന്ന ദൃക്കുപോൽ
അസ്പന്ദമാണിന്നു നിന്റെയുള്ളം
നില്ക്കട്ടെ, വിശ്വാസം കാക്കട്ടെ നമ്മളെ
നിർത്തട്ടെയീവിധമീശനെന്നും-
നിർത്തട്ടെയീവിധമീശനെന്നും
പുകമഞ്ഞു മൂടിക്കിടന്നതിനാലുള്ളം
തെളിവായിക്കണ്ടിട്ടില്ലേറെ നാളായ് (2)
സഹപാഠീ നാം തമ്മിൽ കാണാനിടതന്ന
സകലേശനോടു ഞാൻ നന്ദി ചൊൽവൂ
ഇന്നു സകലേശനോടു ഞാൻ നന്ദി ചൊൽവൂ

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ദൈവമേ, ആകാശത്തിനുമേൽ അങ്ങ് ഉയർന്നു നിൽക്കണമേ! അങ്ങയുടെ മഹത്ത്വം ഭൂമിയിലെങ്ങും വ്യാപിക്കട്ടെ!
സങ്കീർത്തനങ്ങൾ 108:5

**എഡിറ്റോറിയൽ**

# കരുണയാൽ തിരഞ്ഞെടുക്കപ്പെട്ടവൻ

**ലാ**റ്റിനമേരിക്കയുടെ അതിർത്തിരാജ്യമായ അർജന്റീനയിലെ ബ്യൂണസ് അയേഴ്സിൽനിന്ന് പത്രോസിന്റെ സിംഹാസനത്തിലേക്ക് 2013 മാർച്ച് 13 ന് കർത്താവിന്റെ കരുണയാൽ തിരഞ്ഞെടുക്കപ്പെട്ട് ഒരു വ്യാഴവട്ടക്കാലം തന്റെ ശുശ്രൂഷ പൂർത്തിയാക്കി 2025 ഏപ്രിൽ 21 ന് കർത്താവിന്റെ ഉയിർപ്പുതിരുനാളിന്റെ പിറ്റേന്ന് സ്വർഗത്തിലേക്ക് എടുക്കപ്പെട്ട പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ദീപ്തസ്മരണയ്ക്കുമുമ്പിൽ ഞങ്ങൾ ശിരസ്സു നമിക്കുന്നു. പിതാവേ, സമാധാനത്തോടെ പോവുക...

കർദിനാൾ ഹോർഗെ മാരിയോ ബർഗോളിയോ ആഗോളകത്തോലിക്കാസഭയുടെ 266–ാമത് മാർപാപ്പയായി സ്ഥാനമേറ്റെടുത്തപ്പോൾ രണ്ടു കാര്യങ്ങൾ ലോകശ്രദ്ധ ആകർഷിച്ചു – മാർപാപ്പയുടെ പേരും ആപ്തവാക്യവും. ചരിത്രത്തിലാദ്യമായി ഫ്രാൻസിസ് എന്ന നാമം ഒരു മാർപാപ്പാ സ്വീകരിച്ചിരിക്കുന്നു. 'കരുണയാൽ തിരഞ്ഞെടുക്കപ്പെട്ടു' എന്ന തന്റെ മെത്രാൻശുശ്രൂഷയിലെ ആപ്തവാക്യംതന്നെ മാർപാപ്പാ തുടരുന്നു. പതിമ്മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, 'രണ്ടാംക്രിസ്തു' എന്നു വിളിക്കപ്പെട്ട, സഭയുടെ നവീകരണത്തിലെ അനശ്വരനാമമായ 'ഫ്രാൻസിസ്' ഒരു ഉത്തരവാദിത്വമാണ്. കാരണം, സഭയെ പുതുക്കിപ്പണിയുന്നവന്റെ പേരാണത്. ഫ്രാൻസിസ്കൻ സഭാംഗങ്ങളായ മാർപാപ്പാമാർപോലും ഏറ്റെടുക്കാത്ത ഒരു വെല്ലുവിളി ഈശോസഭാംഗമായ കർദിനാൾ ബർഗോളിയോ സ്വീകരിച്ചു. സ്വീകരിച്ച നാമത്തെ അന്വർഥമാക്കിക്കൊണ്ട് അജപാലനശൈലിയാൽ നവീകരണത്തിന്റെ നവ്യാനുഭവം ഫ്രാൻസിസ് മാർപാപ്പാ സഭയ്ക്കും ലോകത്തിനും വെളിപ്പെടുത്തി.

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ, മത്തായിയെ വിളിക്കുന്ന ഭാഗത്തിന് (മത്താ. 9: 9–13), വിശുദ്ധ ബീഡ് നൽകിയ സുവിശേഷവ്യാഖ്യാനത്തിൽനിന്നു ചൈതന്യമുൾക്കൊണ്ടു സ്വീകരിച്ച 'കരുണയാൽ തിരഞ്ഞെടുക്കപ്പെട്ടു' എന്ന ആപ്തവാക്യത്തിന് അടിവരയിടുന്ന ജീവിതശൈലിയും നിലപാടുകളുമാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ തന്റെ അജപാലനകാലയളവിലുടനീളം സ്വീകരിച്ചത്. ലോകശ്രദ്ധ ആകർഷിച്ച നാമത്തെയും ആപ്തവാക്യത്തെയും തന്റെ പ്രബോധനങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും പൂർണമായി പൂർത്തീകരിച്ച ഫ്രാൻസിസ് മാർപാപ്പാ ലോകത്തിന് ഒരു വിളിയും വെല്ലുവിളിയുമായിരുന്നു.

ആഗോളകത്തോലിക്കാസഭയുടെ പരമാധ്യക്ഷനെന്നതിനൊപ്പം വത്തിക്കാന്റെ ഭരണാധികാരികൂടിയായ അദ്ദേഹം തന്റെ സ്ഥാനത്തിനു ചേരുന്ന നിലപാടുകൾ എന്നും സ്വീകരിച്ചു. സഭയിൽ കാലാനുസൃതമായ മാറ്റങ്ങൾക്കു നാന്ദി കുറിച്ചപ്പോൾ അതു ലോകമനസ്സാക്ഷിയായി, സമാധാനത്തിന്റെയും നിരായുധീകരണത്തിന്റെയും നിലയ്ക്കാത്ത നാദമായി മുഴങ്ങിനിന്നു. ഉയിർപ്പുതിരുനാൾദിനത്തിലെ തന്റെ അവസാനസന്ദേശത്തിലും മരണമല്ല, ഉയിർപ്പാണ് ജീവിതത്തിന്റെ അനശ്വരതയെന്ന ഓർമപ്പെടുത്തലോടൊപ്പം മനുഷ്യജീവിതത്തിൽ ഒഴിവാക്കേണ്ട സംഘർഷങ്ങളെക്കുറിച്ചും അവസാനിപ്പിക്കേണ്ട യുദ്ധങ്ങളെക്കുറിച്ചും സ്വീകരിക്കേണ്ട മാനുഷികതയുടെ തത്ത്വങ്ങളെക്കുറിച്ചുമാണ് മാർപാപ്പാ പറഞ്ഞവസാനിപ്പിച്ചത്.

എണ്ണം പറഞ്ഞ നാലു ചാക്രികലേഖനങ്ങളും, ആധുനികലോകം കാലോചിതമായി സ്വീകരിക്കേണ്ട സഭയുടെ നിലപാടുകളെ വ്യക്തമാക്കുന്നവയായിരുന്നു. പ്രഥമ ചാക്രികലേഖനമായ ലൂമൻ ഫിദേയി (വിശ്വാസത്തിന്റെ വെളിച്ചം) വിശ്വാസത്തെക്കുറിച്ചും ദൈവബന്ധത്തെക്കുറിച്ചും പരാമർശിച്ചപ്പോൾ, പൊതുഭവനമായ പരിസ്ഥിതിയുടെ സംരക്ഷണത്തെക്കുറിച്ചും പാരിസ്ഥിതികബന്ധത്തെക്കുറിച്ചുമാണ് ലൗദാത്തോ സി (അങ്ങേക്കു സ്തുതി) വിളിച്ചുപറഞ്ഞത്. ഫ്രത്തേല്ലി തൂത്തിയിൽ (നാം സോദരർ) സാഹോദര്യത്തെയും സാമൂഹിക സൗഹൃദത്തെയുംകുറിച്ചു പ്രതിപാദിച്ചപ്പോൾ, മുറിവേല്പിക്കപ്പെട്ട ഈശോയുടെ തിരുഹൃദയത്തെക്കുറിച്ചും ഈശോയുടെ ദൈവികമാനുഷികസ്നേഹത്തെക്കുറിച്ചുമാണ് അവസാനചാക്രികലേഖനമായ ദി ലെക്സിത് നോസിൽ (അവിടുന്ന് നമ്മെ സ്നേഹിച്ചു) പാപ്പാ ഉദ്ബോധിപ്പിച്ചത്. ദൈവം–മനുഷ്യർ – പരിസ്ഥിതി – സ്നേഹം എന്നിവയെ ഒരു ചരടിൽ കോർത്തിണക്കുന്ന ബന്ധത്തിന്റെ മാന്ത്രികതയാണ് നാലു ചാക്രികലേഖനങ്ങളിലൂടെ നെയ്തെടുത്തത്.

സ്വന്തം പേരും വാക്കും പ്രവൃത്തിയും സമരസപ്പെടുത്തിയ രസതന്ത്രജ്ഞൻ കൂടിയായ ഫ്രാൻസിസ് മാർപാപ്പാ അനശ്വരനാകട്ടെ. ആത്മീയാധികാരത്തിന്റെ ഭൗതികാടയാളമായ അദ്ദേഹത്തിന്റെ പ്രബോധനങ്ങളും പ്രവൃത്തികളും ആചരണങ്ങളിലൊതുങ്ങാതെ അനുകരണത്തിന്റെ മാതൃകകളാകട്ടെ.

# ഫ്രാൻസിസ് മാർപാപ്പയുടെ ആദർശസൂക്തം

**ഫ്രാ**ൻസിസ് പാപ്പായുടെ സ്ഥാനചിഹ്നത്തിന്റെ ഭാഗമായി എഴുതിയിരിക്കുന്ന വാക്കുകളാണ് Miserando atque Eligendo എന്നീ ലത്തീൻ പദങ്ങൾ. കരുണ തോന്നിക്കൊണ്ടും അവനെ തിരഞ്ഞെടുത്തുകൊണ്ടും എന്നാണ് അതിനർഥം.

വേദപാരംഗതനും വിശുദ്ധനുമായ വാഴ്ത്തപ്പെട്ട ബീഡ് എട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ഒരു സന്ന്യാസിവര്യനാണ്. അദ്ദേഹത്തിന്റെ മരണം എ.ഡി. 735 ൽ ആയിരുന്നു. കർത്താവ് ചുങ്കക്കാരനായ മത്തായിയെ വിളിക്കുന്ന സുവിശേഷഭാഗം ലത്തീൻ ഭാഷയിൽ വ്യാഖ്യാനിക്കുമ്പോൾ വി. ബീഡ് പറഞ്ഞ വാക്കുകളാണ് Miserando atque Eligendo എന്നത്.

ബീഡിന്റെ സുവിശേഷവ്യാഖ്യാനത്തിലെ പ്രസക്തഭാഗം ഇവിടെ ചേർക്കുന്നു: "ഈശോ അവിടെനിന്നു പോകുമ്പോൾ, മത്തായി എന്നു പേരുള്ള ഒരാൾ ചുങ്കസ്ഥലത്ത് ഇരിക്കുന്നതു കണ്ടു. അവൻ അയാളോടു പറഞ്ഞു: "എന്റെ പിന്നാലെ വരിക" (മത്താ. 9,9). ഈശോ, തന്റെ ബാഹ്യനേത്രങ്ങൾ കൊണ്ടെന്നതിനേക്കാൾ തന്റെ സ്നേഹം നിറഞ്ഞ ആന്തരികനേത്രങ്ങൾകൊണ്ടാണ്, മത്തായിയെ കടാക്ഷിച്ചത്. അവൻ അയാളോടു പറഞ്ഞു അവൻ ചുങ്കക്കാരനെ കണ്ടു. അവനെ സ്നേഹിച്ചു. അവനോടു കരുണതോന്നിക്കൊണ്ട് (Miserando) അവനെ തിരഞ്ഞെടുത്തു (Eligendo) 'എന്റെ പിന്നാലെ വരിക' എന്നും പറഞ്ഞു. അതിനർഥം തന്നെ അനുകരിക്കുക എന്നാണ്. 'അവനിൽ വസിക്കുന്നുവെന്നു പറയുന്നവൻ അവന്റെ മാർഗത്തിലൂടെ ചരിക്കുക ആവശ്യമാണ് (1 യോഹ. 2:6). ഉടനടി മത്തായി എണീറ്റ് അവനെ അനുഗമിച്ചു."






വി. ബീഡ് തുടരുന്നു: "കർത്താവിന്റെ ആജ്ഞാശക്തികൊണ്ടാണ് ചുങ്കപ്പണവും ഭൗതികനേട്ടങ്ങളും ഇട്ടെറിഞ്ഞ് ലൗകികസമ്പത്ത് അശേഷമില്ലാത്തവന്റെ പിന്നാലെ ഇറങ്ങിപ്പുറപ്പെട്ടത്. കർത്താവിന്റെ വിളി മത്തായിയുടെ ഉള്ളിൽ പ്രകാശം പരത്തുകയും അവിടുത്തെ അനുഗമിക്കാനുള്ള ആത്മീയാവസരങ്ങൾ ചൊരിയുകയും ചെയ്തു.

1953 ൽ മത്തായിശ്ലീഹായുടെ തിരുനാളായ സെപ്റ്റംബർ 21 ന് അർജന്റീനായിലെ ഇടവകപ്പള്ളിയിൽ എത്തി കുമ്പസാരിച്ച ഹോർഗെ മാരിയോ ബെർഗോളിയോ എന്ന ചെറുപ്പക്കാരന് തന്റെ ദൈവവിളി തീരുമാനിക്കാൻ അന്നു സാധിച്ചു. ഫ്രാൻസിസ് മാർപാപ്പാതന്നെ ഇക്കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആ സുദിനത്തിൽ ദൈവകരുണ തന്നിൽ നിറയുന്ന അനുഭവമാണ് ആ ചെറുപ്പക്കാരനുണ്ടായത്.

ആയതിനാൽ, 1992 ൽ അർജന്റീനായുടെ തലസ്ഥാനമായ ബ്യൂണസ് അയേഴ്സ് അതിരൂപതയുടെ സഹായമെത്രാനായപ്പോഴും 1998 ൽ അവിടെ ആർച്ചുബിഷപ്പും 2001 ൽ കാർഡിനൽ ആർച്ചുബിഷപ്പും 2013 ൽ മാർപാപ്പായും ആയപ്പോഴും Miserando atque Eligendo എന്ന വാക്കുകളാണ് ഫ്രാൻസിസ് പാപ്പാ ആദർശസൂക്തമായി സ്വീകരിച്ചത്. ■

ബാലനോവൽ 21

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

എല്ലാ മിഴികളും അത്യന്തം ആകാംക്ഷയോടെ തടവറയുടെ സമീപം തറച്ചുനിന്നു. ആരോ ഒരാൾ തടവറയുടെ സമീപത്തേക്കു മെല്ലെ നടന്നടുക്കുകയാണ്. മരണത്തിലേക്കുള്ള ദൂരം ഓരോ നിമിഷവും കുറഞ്ഞുകുറഞ്ഞുവരുന്ന അവരെ കാണാൻ ആരായിരിക്കും ആഗതനാകുന്നത്?

തടവറയിൽ കിടന്നു നോക്കുമ്പോൾ നടന്നടുക്കുന്ന ആ മനുഷ്യനെ അവരും കണ്ടു.

ആ രൂപം കണ്ട് സകലരും ഞെട്ടിപ്പോയി. ആരാണിയാൾ? ജനത്തിന്റെ ചുണ്ടുകളിൽനിന്നു മർമരം ഉയർന്നു. കാര്യമറിയാതെ അവർ അന്യോന്യം പകച്ചുനോക്കി.

നീണ്ട താടിയും മുടിയും വളർത്തിയ മനുഷ്യൻ. മുഖത്തെ രോമങ്ങൾ വെള്ളിനൂലുകൾപോലെ നരച്ചിരിക്കുന്നു. ആറടിയോളം ഉയരം. അതിനൊത്ത വണ്ണം.

അയാൾ എന്തിനാണ് ആ തടവറയിലേക്കു നടക്കുന്നത്? മന്ത്രവാദിയുടെ സഹോദരന്മാർ വല്ലവരുമായിരിക്കുമോ? അതുമല്ലെങ്കിൽ ഇരുവരെയും രക്ഷിക്കുവാൻ ആരെങ്കിലും എത്തുന്നതായിരിക്കുമോ? രാജഭടന്മാർ വാളുകളുമായി കാവൽ നിൽക്കുന്ന തടവറയിൽനിന്ന് അവരെ ആർക്കും രക്ഷിക്കാനാവില്ല. പിന്നെന്തിനാണ് അയാൾ ആ തടവറയിലേക്കു നടക്കുന്നത്?

ആ രൂപം മെല്ലെ നടന്ന് തടവറയ്ക്കു മുമ്പിലെത്തി. പിന്നെ അകത്തേക്കു സൂക്ഷിച്ചുനോക്കി.

അയാളെ കണ്ടതേ ദേവദത്തൻ ശാന്തനായി.

ഇരുവരും തികച്ചും അപരിചിതരെപ്പോലെ ഒരു നിമിഷം അന്യോന്യം നോക്കിനിന്നു.

പെട്ടെന്ന് ദേവദത്തന് ആളെ മനസ്സിലായി.

സർപ്പകാലൻ!

അടുത്ത നിമിഷം ദേവദത്തന്റെ വലിയൊരു അലർച്ച തടവറയിൽനിന്നു മുഴങ്ങി. അയാൾ ഒരു ഭ്രാന്തനെപ്പോലെ തടവറയുടെ ഭിത്തിയിൽ ആഞ്ഞടിക്കുകയും തൊഴിക്കുകയും ചെയ്തു. അതു കണ്ട മന്ത്രവാദിയും സമനില തെറ്റിയവനെപ്പോലെ അലറി.

മരണത്തിന് ഇനി ഏതാനും മണിക്കൂറുകൾമാത്രം. തെല്ലകലെ തങ്ങൾക്കുവേണ്ടി ഒരുങ്ങുന്ന കഴുകുമരം കണ്ടു. ഇരുവരും ഭയന്നുവിറച്ചു.

അപ്പോഴും സർപ്പകാലൻ അവരെത്തന്നെ നോക്കി അക്ഷോഭ്യനായി, നിശ്ചലനായി നിന്നു.

സർപ്പകാലൻ ഒരക്ഷരംപോലും ശബ്ദിക്കുന്നില്ല.

ജനം ഒന്നടങ്കം ആകാംക്ഷയോടെ മുൾമുനയിൽ തരിച്ചുനിൽക്കുകയാണ്.

പെട്ടെന്ന് അവർ ഇരുവരും ശാന്തരായി. ദേവദത്തന്റെ ഓർമകളിൽ എവിടെനിന്നോ ആ വാക്കുകൾ വീണ്ടും ശ്രവിക്കുന്നതുപോലെ തോന്നി.

"അധികം താമസിയാതെ ഈ സർപ്പവുമായി നാം വീണ്ടും ഇവിടെ എത്തും." ദേവദത്തന് തന്റെ ശരീരത്തിൽനിന്ന് അപ്പോൾത്തന്നെ പ്രാണൻ പറന്നകലുന്നതായി തോന്നി.

സർപ്പകാലൻ! ആ മനുഷ്യൻ ദേവദത്തന്റെ സമീപം വന്നുനിന്നു. ഭയന്നുവിറച്ച് തലതാഴ്ത്തി ദേവദത്തൻ നിന്നു. അയാൾ പറഞ്ഞു: "നീ എന്നെ വഞ്ചിച്ചു." അലറുന്ന സ്വരത്തിൽ വീണ്ടും പറഞ്ഞു: "അതിന്റെ ശിക്ഷ നിനക്കു നൽകാനാണ് നാം വന്നിരിക്കുന്നത്."

സർപ്പകാലൻ തിരിഞ്ഞു കൊട്ടാരത്തിലേക്കു നടന്നു. അപ്പോഴാണ് ചുറ്റും നിന്നവർ ആ മനുഷ്യനെ തിരിച്ചറിഞ്ഞത്. അയാളെ അവർ തലകുനിച്ച് എതിരേറ്റു.

ജനം പകച്ചുനിന്നു. ഈ സമയത്ത് എന്തിനായിരിക്കും സർപ്പകാലൻ എത്തിയത്? ഇപ്പോൾ അദ്ദേഹത്തിന്റെ ഒരാവശ്യവും ആദിത്യപുരംസാമ്രാജ്യത്തിനില്ല. രാജ്യത്ത് ഒരിടത്തും ദുഷ്ടസർപ്പങ്ങളുടെ ഉപദ്രവമില്ല. പിന്നെന്തിനാണ് സർപ്പകാലൻ ആഗതനായത്? അതും ദേവദത്തന്റെയും മന്ത്രവാദിയുടെയും ശിക്ഷ നടപ്പാക്കുന്ന ആ ദിനം തന്നെ. അതാണ് വാസ്തവത്തിൽ ജനത്തെ അമ്പരപ്പിച്ചുകളഞ്ഞത്.



നോവലിസ്റ്റ്

സർപ്പകാലൻ മെല്ലെ രാജകൊട്ടാരത്തിലെത്തി. ആ മനുഷ്യനെ കണ്ടതേ കാർഫിയൂസ് മഹാരാജാവും മറ്റു കൊട്ടാരവാസികളും എണീറ്റ് തലകുനിച്ച് സർപ്പകാലനെ വണങ്ങി.



പിന്നെ അയാളെ സ്വീകരിച്ചാനയിച്ച് സ്വർണം പതിച്ച ഒരു പീഠത്തിൽ ഇരുത്തി.

പെട്ടെന്ന് തടിച്ചുകൂടിയ പ്രജകളുടെ സംശയനിവാരണത്തിനായി സോയൂസ് വിളംബരം ചെയ്തു: "പ്രിയപ്പെട്ട ആദിത്യപുരം രാജ്യനിവാസികളേ, നാം ഒരു വലിയ ചതിയുടെ കഥയാണു പറയാൻ പോകുന്നത്. ദേവദത്തൻ സർപ്പകാലനിൽനിന്നു വിലകൊടുത്തു വാങ്ങിയ കൊടുംസർപ്പമാണ് മഹാരാജാവ് തിരുമനസ്സിനെ ദംശിച്ചു കൊന്നത്. കാഴ്ചബംഗ്ലാവിൽ വളർത്താനാണെന്നു പറഞ്ഞാണ് സർപ്പകാലനോടു കുമാരനും മന്ത്രവാദിയും ചേർന്ന് സർപ്പത്തെ വാങ്ങിയത്. അങ്ങനെ ഇരുവരും സർപ്പകാലനെ കൊടുംചതിയിൽപ്പെടുത്തി."

സോയൂസ് ഒന്നു നിറുത്തി. ജനം അതുകേട്ട് നിശ്ചലരായി നിന്നുപോയി.

സോയൂസ് വീണ്ടും തുടർന്നു: "അതിനാൽ ആ കൊടുംസർപ്പത്തെക്കൊണ്ടുതന്നെ ദംശിപ്പിച്ചാണ് ദേവദത്തനെ വധിക്കുന്നത്. വിഷമേറ്റു പിടഞ്ഞുമരിക്കുന്ന ദേവദത്തനെ നിങ്ങൾക്കു സ്വന്തം കണ്ണുകൾകൊണ്ടു കാണാൻ സാധിക്കും. കൂടാതെ, കഴുകുമരത്തിൽക്കിടന്ന് ആടുന്ന മന്ത്രവാദിയുടെ മൃതദേഹവും നിങ്ങൾക്കു കാണാം. ദംശനം നടത്താനാണ് സർപ്പകാലൻ ഇവിടെയെത്തിയത്."

അതുകേട്ട് ജനം ആഹ്ലാദഭരിതരായി. അവർ പാട്ടുപാടുകയും നൃത്തം ചവിട്ടുകയും ചെയ്തു.

സോയൂസ് വീണ്ടും പറഞ്ഞു: "ആദ്യം വധിക്കുന്നത് മന്ത്രവാദിയെയാണ്. അയാളെ കൊണ്ടുവരൂ."

ഭടന്മാർ മന്ത്രവാദിയെ കൈകൾ പിന്നിൽക്കെട്ടി, കണ്ണുകൾ മൂടിക്കെട്ടി കഴുകുമരത്തിന്റെ ചുവട്ടിൽ നിറുത്തി. പിന്നെ കഴുത്തിൽ കുരുക്കിട്ടതും കാർഫിയൂസ് ഓടിയെത്തിയതും ഒന്നിച്ചു കഴിഞ്ഞു.

"നിർത്തൂ!" കാർഫിയൂസ് അലറുന്ന സ്വരത്തിൽ പറഞ്ഞു. "ഇയാളെ വധിക്കണ്ട. ജീവൻ ദൈവത്തിന്റെ ദാനമാണ്. അതെടുക്കാൻ മനുഷ്യന് അവകാശമില്ല." ജനം അതുകേട്ട് സ്തംഭിച്ചു നിന്നു.

അടുത്ത നിമിഷം ദേവദത്തനെ തടവറയിൽനിന്നിറക്കി വലിയൊരു ഓക്കുമരത്തിന്റെ ചുവട്ടിൽ കൈകാലുകൾ ബന്ധിച്ചു നിറുത്തി.

ചുറ്റും ജനം ആകാംക്ഷയോടെ നിന്നു.

സർപ്പകാലൻ മരച്ചുവട്ടിലെത്തി. അയാൾ തന്റെ മാന്ത്രികവടി നിലത്തടിച്ചതും മരത്തിനു മുകളിൽനിന്നു രാജാവിനെ ദംശിച്ച അതേ സർപ്പം വായ്പിളർന്ന് മരത്തിലൂടെ താഴേക്കിറങ്ങി. അതുകണ്ട് ദേവദത്തൻ അലറിക്കരഞ്ഞു. "രക്ഷിക്കണേ!" കാർഫിയൂസിനെ നോക്കി ദയനീയമായി നിലവിളിച്ചു.

"ചേട്ടാ, എന്നെ രക്ഷിക്കണം. എനിക്കു തെറ്റുപറ്റി."

കാർഫിയൂസ് അനുജന്റെ സമീപമെത്തി. പിന്നെ സർപ്പകാലനെ നോക്കി പറഞ്ഞു: "വേണ്ട, ഇയാളെ വധിക്കണ്ട. പകരം സ്വന്തം പിതാവിന്റെ ശവക്കല്ലറയ്ക്കരുകിൽ മരണം വരെ ചങ്ങലയ്ക്കിട്ടാൽ മതി."

അതുകേട്ട് സർപ്പകാലൻ തന്റെ കൈയിലിരുന്ന മാന്ത്രികവടി ആകാശത്തേക്കു വീശി. തൽക്ഷണം ആ കുറ്റൻസർപ്പം അപ്രത്യക്ഷമായി.

"മഹാരാജാവ് നീണാൾ വാഴട്ടെ."

ജനം ഒന്നടങ്കം കാർഫിയൂസിനെ വാഴ്ത്തിപ്പാടിക്കൊണ്ട് പിരിഞ്ഞുപോയി.

*(അവസാനിച്ചു)*

---

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# മനസാ

'മനസാ വാചാ കർമണാ' സംസ്കൃതത്തിലെ ഒരു സൂക്തമാണ്. മനസ്സുകൊണ്ടും വാക്കുകൊണ്ടും കർമംകൊണ്ടും എന്നാണതിന്റെ അർഥം. സംസ്കൃതത്തിൽ തൃതീയാവിഭക്തിയാണ് മനസാ; മലയാളത്തിലാകട്ടെ പ്രയോജികാവിഭക്തിയും. മനസ്സാൽ(മനസ്സിനാൽ), മനസ്സുകൊണ്ട് എന്നിങ്ങനെ അർഥവും വരും. മനസാ എന്ന സംസ്കൃതശബ്ദത്തെ 'മനസ്സാ' എന്ന് ഇരട്ടിച്ചെഴുതാൻ പാടില്ല. എന്നാൽ, മലയാളത്തിലെ വിഭക്തിപ്രത്യയങ്ങൾ ചേർക്കുമ്പോൾ സകാരത്തിന് ദ്വിത്വം കൊടുത്തെഴുതണം. കൊണ്ട് എന്ന ഗതി ചേർത്താലും ഇരട്ടിപ്പ് നിലനില്ക്കും. മനസ്സിനെ(പ്രതിഗ്രാഹിക) മനസ്സിനോട് (സംയോജിക) മനസ്സിന് (ഉദ്ദേശിക) മനസ്സാൽ (പ്രയോജിക) മനസ്സിന്റെ (സംബന്ധിക) മനസ്സിൽ (ആധാരിക) എന്നിങ്ങനെയാണ് ശരിയായി എഴുതേണ്ടത്. വിഭക്തിപ്രത്യയങ്ങൾ ചേരുമ്പോൾ സകാരം ഉച്ചരിക്കുന്നത് ഇരട്ടിപ്പോടുകൂടിയാണ്. അതുകൊണ്ട് 'സ്സ' ശരി എന്നു മനസ്സിലാക്കണം.

ഇതേക്കുറിച്ചുള്ള പന്മന രാമചന്ദ്രൻനായരുടെ അഭിപ്രായം ശ്രദ്ധിക്കുക: "മനസാ എന്ന സംസ്കൃതപദത്തിന് മനസ്സുകൊണ്ട്, മനസ്സിനാൽ എന്നാണർഥം. മനസാ എന്നതിനെ മനസ്സാ ആക്കുക ശരിയല്ല. ശിരസാ എന്നതിനെ 'ശിരസ്സാ' ആക്കുന്നതും തെറ്റാണ്. 'അങ്ങയുടെ ആജ്ഞ ഞാൻ ശിരസാ വഹിക്കുന്നു' എന്നേ ആകാവൂ"* സംസ്കൃതത്തിലെ പ്രഥമാരൂപമായ മനസ് മലയാളമാക്കുമ്പോൾ മനസ്സ് എന്നാകും. കേവലവ്യഞ്ജനങ്ങളിൽ അവസാനിക്കുന്ന സംസ്കൃതപദങ്ങൾ മലയാളമാക്കുമ്പോൾ, അന്ത്യവ്യഞ്ജനം ഇരട്ടിച്ച് സംവൃതോകാരം ചേർത്തു പ്രയോഗിക്കണമെന്നാണല്ലോ നിലവിലുള്ള നിയമവും. പദാന്തേവ്യഞ്ജനം വന്നാൽ/ സംവൃതം ചേർത്തുചൊല്ലുക** (കാരിക 19) എന്ന കേരളപാണിനീയവിധിക്ക് ഇന്നും പ്രസക്തിയുണ്ട്. അതിൻപ്രകാരം മനസ്സ്, വചസ്സ്, മഹസ്സ്, ശിരസ്സ്, തപസ്സ്, തേജസ്സ് എന്നിങ്ങനെ പറയുകയും എഴുതുകയും ചെയ്താലേ വ്യാകരണശുദ്ധിയുള്ള പ്രയോഗങ്ങളാവൂ.

*രാമചന്ദ്രൻനായർ, പന്മന, നല്ല ഭാഷ, ഡി.സി.ബുക്സ്, കോട്ടയം, 2014, പുറം - 196.

** രാജരാജവർമ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1988, പുറം -134.

# ഫ്രാൻസിസിനെ ജീവിതമാക്കിയ പാപ്പാ

### ആർക്കും അടയ്ക്കാൻ പറ്റാത്ത വാതിലുകൾ തുറന്നിട്ട ശേഷമാണ് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ഈ ലോകംവിട്ട് സ്വർഗത്തിലേക്കു യാത്രയാകുന്നത്



മാർ ജോസഫ് കല്ലറങ്ങാട്ട്

പരിശുദ്ധ ഫ്രാൻസിസ് പിതാവിനെക്കുറിച്ചു ചിന്തിക്കുമ്പോൾ ഏറ്റവും ആദ്യം എനിക്കു പറയാനുള്ളത്, ഈ ലോകത്തിൽ ദൈവത്തെക്കുറിച്ച് ഏറ്റവും കൂടുതൽ സംസാരിച്ച വ്യക്തിയാണ് അദ്ദേഹം എന്നതാണ്. ദൈവം നമുക്കു നൽകിയ അമൂല്യമായ നിധിയായിരുന്നു, വിലയേറിയ രത്നമായിരുന്നു പരിശുദ്ധ പിതാവ്. അദ്ദേഹം ലോകത്തെ പഠിപ്പിച്ചത് നാലു പ്രധാനപ്പെട്ട പ്രബോധനങ്ങൾവഴിയായിരുന്നു: Fratelli tutti (ഫ്രത്തേലി തൂത്തി - എല്ലാവരും സഹോദരങ്ങൾ), Laudato si' (ലൗദാത്തോ സി - അങ്ങേക്ക് സ്തുതിയായിരിക്കട്ടെ), Dilexit nos (ഡിലെക്സിറ്റ് നൊസ് - അവൻ നമ്മളെ സ്നേഹിച്ചു), Lumen fidei (ലുമെൻ ഫിദേയി - വിശ്വാസത്തിന്റെ വെളിച്ചം). ഈ നാലു ചാക്രികലേഖനങ്ങളിലൂടെയാണ് പരിശുദ്ധപിതാവ് പ്രധാനപ്പെട്ട പ്രബോധനങ്ങളെല്ലാം നൽകിയത്. സാമൂഹികവും പാരിസ്ഥിതികവുമായ പ്രതിസന്ധികളെ തരണം ചെയ്യാൻ പാപ്പാ നടത്തിയ പരിശ്രമങ്ങൾ മഹത്തരമാണ്. 'ലൗദാത്തോ സി' എന്ന ചാക്രികലേഖനത്തിലൂടെയും 'ലൗദാത്തെ ദേവും' എന്ന അപ്പസ്തോലികലേഖനത്തിലൂടെയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പാപ്പാ ലോകത്തിന്റെ മുമ്പിൽ തുറന്നുവയ്ക്കുകയായിരുന്നു. കാലാവസ്ഥാവ്യതിയാനം, മലിനീകരണം എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ പങ്കുവയ്ക്കുമ്പോൾ ഒരു സുസ്ഥിരമായ ജീവിതശൈലി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയും പ്രകൃതിയുടെമേലുള്ള കടന്നുകയറ്റം അവസാനിപ്പിക്കേണ്ടതിനെക്കുറിച്ചും പാപ്പാ വിശദമായി സംസാരിക്കുന്നുണ്ട്. വിവിധ മതവിഭാഗങ്ങൾ തമ്മിൽ ആരോഗ്യപരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കാൻ പാപ്പാ നടത്തിയ പരിശ്രമങ്ങൾ ഏറെ ശ്ലാഘനീയമായിരുന്നു.

രണ്ടാമത്തെ കാര്യം, പാപ്പാ തിരഞ്ഞെടുത്ത പേരിന്റെ പ്രസക്തിയാണ് - ഫ്രാൻസിസ്. ഞാൻ കരുതുന്നത് ഫ്രാൻസിസ് എന്നത് പാപ്പായ്ക്കു വെറുമൊരു പേരല്ലായിരുന്നു. പാപ്പാ ജീവിക്കാൻ ആഗ്രഹിച്ച, ക്രിസ്തീയജീവിതശൈലിയായിരുന്നു അത്. പാപ്പാ പ്രഘോഷിക്കാൻ ആഗ്രഹിച്ച സുവിശേഷമായിരുന്നു, അദ്ദേഹം പഠിപ്പിക്കാൻ ആഗ്രഹിച്ച മതബോധനമായിരുന്നു ആ പേര്. സ്വർഗത്തിലേക്കുള്ള കവാടമായിരുന്നു അദ്ദേഹത്തിന് ഫ്രാൻസിസ് എന്ന പേര്. അപ്രകാരം ഫ്രാൻസിസ് എന്ന പേരിനെ അനശ്വരമാക്കിക്കൊണ്ടാണ് പരിശുദ്ധ പിതാവ് ഈ ലോകത്തിൽനിന്നു യാത്രയാകുന്നത്.

ഈ അവസാനനാളിൽ എഴുതിയ ചാക്രികലേഖനത്തിൽ 'അവൻ നമ്മെ സ്നേഹിച്ചു' (Dilexit Nos) എന്ന പ്രബോധനത്തിൽ പാപ്പാ ഊന്നിപ്പറയുന്നത് ഹൃദയം നഷ്ടപ്പെട്ട ലോകത്തിന് ഒരു ഹൃദയം കൊടുക്കാനായി നമ്മളെല്ലാവരും പരിശ്രമിക്കണം എന്ന മഹത്തായ കാര്യമാണ്. ഹൃദയമില്ലാത്തവർക്ക് അല്ലെങ്കിൽ ഹൃദയപൂർവം പെരുമാറാൻ അറിയാത്തവർക്ക് ഒരു ഹൃദയം കൊടുക്കാൻ നമ്മൾ തയ്യാറാകണം. അതിന് പരിശുദ്ധ പിതാവ് വിശേഷിപ്പിച്ചിരിക്കുന്നത് നാലു സുവിശേഷങ്ങളുടെയും സാരസംഗ്രഹമായ ഈശോയുടെ ഹൃദയം എന്ന ആശയം തന്നെയാണ്. അതുപോലെ പ്രവാസികളെക്കുറിച്ചും സാമ്പത്തികമായി വളരെയേറെ പ്രയാസമനുഭവിക്കുന്ന വ്യക്തികളെക്കുറിച്ചും പരിശുദ്ധ പിതാവ് വലിയ കരുതലോടെയാണു സംസാരിച്ചിട്ടുള്ളത്.



സീറോ മലബാർ സഭയെ സംബന്ധിച്ച് പരിശുദ്ധ പിതാവ് വലിയൊരു അനുഗ്രഹമായിരുന്നു. നമ്മുടെ സഭയുടെ വ്യക്തിത്വവും സ്വത്വവും പ്രേഷിതാഭിമുഖ്യങ്ങളും നമ്മൾ കാത്തുപരിപാലിച്ചു വളർത്തി സംരക്ഷിക്കണമെന്ന് നിരവധി അവസരങ്ങളിൽ പരിശുദ്ധ പിതാവ് നമ്മെ ഓർമ്മിപ്പിച്ചിട്ടുണ്ട്. ദൈവാരാധനയെക്കുറിച്ചു പൊതുവിൽ 'ദെസിദേരിയോ ദെസിദെരാവി' (DESIDERIO DESIDERAVI - ഞാൻ അതിയായി ആശിച്ചു) എന്ന ലേഖനത്തിലൂടെ വളരെ ക്ലിപ്തമായ മാനദണ്ഡങ്ങൾ സാർവത്രികസഭയ്ക്കു നൽകി. ചുരുക്കത്തിൽ, പാപ്പായുടെ ജീവിതവും കാഴ്ചപ്പാടുകളും ലോകമെമ്പാടുമുള്ള ആളുകൾക്കു പ്രചോദനമായിരുന്നു. പരിശുദ്ധ പിതാവിന്റെ എളിമയും സാമൂഹികനീതിയിലുള്ള ഉറച്ച വിശ്വാസവും ലോകത്തിനു മാതൃകയാണ്. ദരിദ്രരോടുള്ള പാപ്പായുടെ പ്രത്യേക ശ്രദ്ധയും പരിസ്ഥിതിയെക്കുറിച്ചുള്ള ഉത്കണ്ഠയും പ്രവാസികളെക്കുറിച്ചുള്ള കരുതലും ലോകശ്രദ്ധ നേടിയ കാര്യങ്ങളാണ്. ആഡംബരജീവിതം ഒഴിവാക്കി സാധാരണക്കാരെപ്പോലെ ജീവിക്കുന്നതിൽ പാപ്പാ കാണിച്ചുതന്ന മാതൃക പാവപ്പെട്ടവരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും സാമൂഹികനീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ നേർക്കാഴ്ചതന്നെയാണ്. പ്രകൃതിയെക്കുറിച്ചുള്ള ഓർമപ്പെടുത്തലും ജാതിമതവർഗവർണചിന്തകൾക്കതീതമായി ഏവരെയും ഉൾക്കൊള്ളാനുള്ള ആഹ്വാനവും നമ്മൾ വിശദമായി പഠിക്കുകയും ആശയങ്ങൾ നമ്മുടെ ജീവിതാംശമാക്കുകയും വേണം. പാപ്പാ സ്വർഗത്തിലേക്കാണ് യാത്ര ചെയ്തിരിക്കുന്നത്. സ്വർഗത്തിന്റെ നിത്യതയിൽ, പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തിൽ വിശ്രമിച്ച് അദ്ദേഹം ശാന്തിയനുഭവിക്കട്ടെ എന്നു നമുക്കു പ്രാർഥിക്കാം.

# ചങ്കിൽ പതിഞ്ഞ ചിത്രം

■ കുര്യാക്കോസച്ചൻ

ഫ്രാൻസിസ് പാപ്പായെ ഓർക്കുമ്പോൾ പന്ത്രണ്ടു വർഷംമുമ്പ് എന്റെ ചങ്കിൽ പതിഞ്ഞ ഒരു ചിത്രമാണ് തെളിഞ്ഞുവരുന്നത്. തലയിലും മുഖത്തുമെല്ലാം വലുതും ചെറുതുമായ മുഴകൾകൊണ്ടു നിറഞ്ഞ ഒരു മനുഷ്യനെ കണ്ടപ്പോൾ ഓടിച്ചെന്ന് അവന്റെ ശിരസ്സിലും മുഖത്തുമെല്ലാം തലോടുകയും ഉമ്മ വയ്ക്കുകയും ആഞ്ഞാശ്ലേഷിക്കുകയും ചെയ്യുന്ന പാപ്പാ.

ഇതു സംഭവിക്കുന്നത് 2013 നവംബർ ആറാം തീയതി വി. പത്രോസിന്റെ ചത്വരത്തിൽ നടന്ന പുതുസന്ദർശനസമയത്താണ്. വടക്കേ ഇറ്റലിയിലെ വിച്ചേൻസാ എന്ന പട്ടണത്തിൽനിന്നുള്ള വിനീച്ചിയോ റീവാ എന്ന 53 കാരന്റെ രോഗം അദ്ദേഹത്തെ വിരൂപനാക്കി. രോഗം പകരുന്നതല്ലെങ്കിലും ആളുകൾ അദ്ദേഹത്തെ ഒഴിവാക്കി. ചിലരെങ്കിലും അദ്ദേഹത്തെ ക്രൂരമായി നിന്ദിച്ചിരുന്നു. എങ്കിലും ധൈര്യം സംഭരിച്ചു തന്റെ ഇളയമ്മ കാത്തറീന ലോത്തോയോടൊപ്പം തീവ്രമായ ശാരീരികവേദന സഹിച്ച് മറ്റു തീർഥാടകരോടൊപ്പം വത്തിക്കാനിലെത്തി. വിനീച്ചിയോയെ ഒരു വീൽച്ചെയറിലിരുത്തി ഇളയമ്മ തള്ളിക്കൊണ്ടുപോകുമ്പോൾ ഒരു സ്വിസ്ഗാർഡ് മുന്നോട്ടുമുന്നോട്ട് അവരെ കടത്തിവിട്ടു. അങ്ങനെ അവർ ഒന്നാംനിരയിലെത്തി. അവരത് ഒട്ടും പ്രതീക്ഷിച്ചിരുന്നതല്ല. ആന്റിയുടെ വാക്കുകൾ ഉദ്ധരിക്കട്ടെ: "മാർപാപ്പാ ഞങ്ങളുടെ സമീപമെത്തിയപ്പോൾ, അദ്ദേഹം എനിക്കു കൈ തരുമെന്നു ഞാൻ വിചാരിച്ചു. പക്ഷേ, അദ്ദേഹം നേരേ വിനീച്ചിയോയുടെ അടുത്തുചെന്ന് അവനെ മുറുകെ കെട്ടിപ്പിടിച്ചു. അവനെ എനിക്കു തിരികെത്തരില്ലെന്നു തോന്നുമാറ് അവനെ ആഞ്ഞുപുണർന്നു. ഞങ്ങൾ ഒന്നും സംസാരിച്ചില്ല, അദ്ദേഹം എനിക്ക് മനോഹരമായ ഒരു



നോട്ടം സമ്മാനിച്ചു."

വിനീച്ചിയോ റീവാ മാർപാപ്പായുടെ അസാധാരണവും എന്നാൽ സ്വാഭാവികവുമായ പെരുമാറ്റത്തെക്കുറിച്ച് അദ്ഭുതപ്പെട്ടു: "അദ്ദേഹം എന്റെ രോഗത്തിനു മുമ്പിൽ അറച്ചുനിന്നില്ല. എന്റെ രോഗത്തെപ്പറ്റി ഒരു ഭയവും തോന്നിയില്ല. പകരുമെന്നു ശങ്കിച്ചില്ല. നിശ്ശബ്ദമായി എന്നെ അദ്ദേഹം ആശ്ലേഷിച്ചു."

പിറ്റേന്ന് സിയോയ്ക്ക് ശരീരത്തിലാകെ ചൂട് അനുഭവപ്പെട്ടു വിറയ്ക്കുകയായിരുന്നു എന്ന് ആന്റി പറഞ്ഞു. എല്ലാ സങ്കടങ്ങളും മാറിയ ഒരു മനുഷ്യനായി അവൻ രൂപാന്തരപ്പെട്ടു എന്നും കൂട്ടിച്ചേർത്തു. നിറഞ്ഞ സന്തോഷത്തോടെ അവർ വത്തിക്കാനിൽനിന്ന് തിരികെപ്പോയി.

നിയറോ ഫെബ് റോമാറ്റോസിസ് എന്ന രോഗത്തിന് അടിമയായ വിച്ചേൻസിയോ റീവാ 2024 ജനുവരി 12-ാം തീയതി അന്തരിച്ചു. (കടപ്പാട് (CNN കേബിൾ ന്യൂസ് നെറ്റ് വർക്ക് & CNA - കാത്തലിക് ന്യൂസ് ഏജൻസി).

■

# സമാധാനത്തിന്റെ യുഗപുരുഷൻ

ഡോ. ജോർജ് തയ്യിൽ

**ജീ**വിതം ഒരുതുള്ളി സ്നേഹമില്ലാത്ത ഊഷരഭൂമിയാകുന്നത് കാലത്തിന്റെ കുത്തൊഴുക്കിൽ നാം പലപ്പോഴും കാണാറുണ്ട്. മൂല്യങ്ങളും സാമൂഹികനീതിയും ശോഷിച്ചില്ലാതാകുന്ന ഈ ലോകത്ത് ജീവിക്കാൻ പാടുപെടുന്നത് നിർധനരാണ്. എങ്ങും എന്നും ആരും മുന്നോട്ടുവരാൻ തയ്യാറാകാത്തത് പാവപ്പെട്ടവന്റെ കഷ്ടപ്പാടുകൾ ദൂരീകരിക്കാൻ ഉദ്യമിക്കുമ്പോഴാണ്. ശരിയാണ്, ഇന്നത്തെ നിർമിതബുദ്ധിയുടെ കാലത്ത് പട്ടിണിക്കാരന്റെ, പരിത്യക്തന്റെ പ്രയാസങ്ങൾക്കു പരിഹാരം കാണാനുള്ള സംവിധാനങ്ങൾ കുറയുന്നു. ഈയവസരത്തിലാണ് ലാറ്റിനമേരിക്കയിൽനിന്നുള്ള ഈശോസഭക്കാരനായ കർദിനാൾ ജോർജ് മാരിയോ ബർഗോളിയോ വത്തിക്കാനിലെത്തുന്നത്. ആഡംബരങ്ങളുപേക്ഷിച്ച്, വിശപ്പിലും ദാരിദ്രത്തിലും ജീവിച്ച അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ നാമധേയമാണ് കർദിനാൾ സ്വീകരിച്ചത്. അങ്ങനെ ആ യുഗപുരുഷൻ ഫ്രാൻസീസ് പാപ്പായായി.



തുടർന്നാണ് ഫ്രാൻസിസ് മാർപാപ്പാ നന്മയുടെ വിശുദ്ധിയും തിന്മയുടെ നഷ്ടവും ലോകത്തെ പഠിപ്പിക്കുന്ന മനസ്സാക്ഷികേന്ദ്രമായി മാറുന്നതായി നാം കാണുന്നത്. രാഷ്ട്രങ്ങളുടെ യുദ്ധം, തർക്കം, അധിനിവേശം, മതപരമായ വൈപരീത്യങ്ങൾ ഇവയൊക്കെ ലോകജനതയെ കഷ്ടതകളിലേക്കു വലിച്ചിഴച്ചപ്പോൾ സഹായഹസ്തവുമായി മാർപാപ്പായെത്തി.

പാപ്പാമാരുടെ മാധ്യമസമീപനങ്ങൾക്ക് അതീവപ്രാധാന്യമുണ്ട്. ലോകത്തെ പല യുദ്ധങ്ങൾക്കും സംഘർഷങ്ങൾക്കും പരിഹാരം കാണുന്നതിൽ പാപ്പാമാർ മഹത്തായ പങ്കു വഹിച്ചിട്ടുണ്ട്.

എന്നാൽ, ഒട്ടുമിക്ക മാർപാപ്പാമാരും ലോകമസമാധാനത്തിനു ചുക്കാൻപിടിച്ചത് വത്തിക്കാന്റെ പരിധികൾക്കുള്ളിൽ നിന്നുകൊണ്ടായിരുന്നു; പ്രത്യേകിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുള്ള കാലഘട്ടത്തിൽ. വത്തിക്കാന്റെ പുറത്ത് ഇറ്റലിയിൽ പലയിടങ്ങളിൽ യാത്ര ചെയ്ത പാപ്പാമാരുണ്ട്. അതുപോലെ ഇറ്റലിക്കുപുറത്ത് യൂറോപ്പിൽമാത്രം പര്യടനം നടത്തിയവരുണ്ട്. ജോൺ ഒന്നാമൻ (523-526), സ്റ്റീഫൻ രണ്ടാമൻ (752-757), ലിയോ ഒമ്പതാമൻ (1049-1054), പയസ് ഏഴാമൻ (1800-1803) തുടങ്ങിയ പാപ്പാമാർ യൂറോപ്പിലുടനീളം അപ്പസ്തോലികയാത്രകൾ നടത്തി. എന്നാൽ, രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം പോൾ ആറാമൻ (1963-1978) മാർപാപ്പായാണ് ആദ്യമായി ഒരു വിമാനത്തിൽ കയറി അമേരിക്കൻ, ആഫ്രിക്കൻ, ഏഷ്യൻ ഭൂഖണ്ഡങ്ങളിൽ യാത്ര ചെയ്തത്. ആദ്യമായി ഇന്ത്യ സന്ദർശിച്ച മാർപാപ്പായും പോൾ ആറാമനാണെന്നോർക്കണം, 1964 ൽ. പോൾ ആറാമനുശേഷം വന്ന പുഞ്ചിരിക്കുന്ന പാപ്പ ജോൺപോൾ ഒന്നാമൻ 33 ദിവസങ്ങൾമാത്രമേ ഭരണത്തിലുണ്ടായിരുന്നുള്ളൂ. പൊടുന്നനേ അദ്ദേഹം കാലം ചെയ്തു. എന്നാൽ, അതിനുശേഷം കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ ജോൺപോൾ രണ്ടാമൻ ഒരു തികഞ്ഞ തീർഥാടകനായ പാപ്പാ എന്ന പേരിനർഹനായി. 104 വിദേശയാത്രകളാണ് അദ്ദേഹം നടത്തിയത്. എന്നാൽ, 78-ാമത്തെ വയസ്സിൽ സഭയുടെ തലപ്പത്തെത്തിയ ബെനഡിക്ട് പതിനാറാമൻ പാപ്പായ്ക്ക് ആരോഗ്യപരമായ കാരണങ്ങളാൽ ദൂരയാത്രകൾ അധികം ചെയ്യാൻ സാധിച്ചില്ല. എട്ടുവർഷങ്ങളിൽ 25 ഓളം വിദേശപര്യടനങ്ങൾ മാത്രമേ അദ്ദേഹം നടത്തിയിട്ടുള്ളൂ.

ബെനഡിക്ട് പാപ്പായുടെ സ്ഥാനത്യാഗത്തെത്തുടർന്ന് 2013 മാർച്ച് 13 ന് മാർപാപ്പായായി തിരഞ്ഞെടുക്കപ്പെട്ട അർജന്റീനക്കാരനായ ഹോർഗെ മാരിയോ ബർഗോളിയോ പിന്നീട് കത്തോലിക്കാസഭയുടെ ചരിത്രം തന്നെ മാറ്റിയെഴുതി. ലാറ്റിനമേരിക്കയിൽനിന്നുള്ള ആദ്യത്തെ മാർപാപ്പാ, ഈശോസഭയിൽനിന്നുള്ള ആദ്യമാർപാപ്പാ. ലളിതജീവിതവും സാമൂഹികനീതിയോടുള്ള പ്രതിബദ്ധതയും സഹജീവികളോടുള്ള അകമഴിഞ്ഞ അനുകമ്പയും ഫ്രാൻസീസ് മാർപാപ്പായുടെ മുഖമുദ്രയായിരുന്നു. ലാളിത്യത്തിന്റെ ആൾരൂപമെന്നായിരുന്നു പാപ്പാ അറിയപ്പെട്ടിരുന്നത്. ആഡംബരജീവിതമുപേക്ഷിച്ച് വിശപ്പിലും ദാരിദ്ര്യത്തിലും ജീവിച്ച വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ പേരാണ് പാപ്പാ സ്വീകരിച്ചത്.

അർജിന്റീനയിലെ ബ്യൂനസ് അയേഴ്സിൽ കർദിനാളായിരുന്ന കാലത്ത് സ്വയം പാചകം ചെയ്യുകയും പൊതുഗതാഗതസംവിധാനത്തിൽ യാത്ര ചെയ്യുകയും ചെയ്തു. വിശപ്പിന്റെ വിലയറിഞ്ഞു കുട്ടിക്കാലം ചെലവിട്ടതിനാൽ മാർപാപ്പായായശേഷം ലോകത്തിന്റെ ദാരിദ്ര്യവും നിർധനരുടെ കഷ്ടപ്പാടുകളും ഉന്മൂലനം ചെയ്യുകയാണ് തന്റെ പ്രഥമദൗത്യമെന്ന് പാപ്പാ പലവട്ടം പറഞ്ഞു.

45ലേറെ രാജ്യങ്ങളിൽ ഫ്രാൻസിസ് പാപ്പാ പര്യടനം നടത്തി. ഇതുവരെ മറ്റു പാപ്പാമാർ പോകാതിരുന്ന ഇറാക്ക്, യുനൈറ്റഡ് അറബ് എമിരേറ്റ്സ്, മ്യാൻമർ, മസെഡോണിയ, ബഹ്റൈൻ, മംഗോളിയ തുടങ്ങിയ രാജ്യങ്ങളിൽ സമാധാനത്തിന്റെ അപ്പസ്തോലനായി പറന്നെത്തി.

2017 ലാണ് എനിക്ക് ഫ്രാൻസിസ് പാപ്പായെ നേരിട്ടു കാണാനുള്ള ഭാഗ്യമുണ്ടായത്. ഭാര്യ ഡോ. ശുഭയോടും മകൾ എലിസ് മേരിയോടുമൊപ്പം കത്തോലിക്കാസഭയുടെ പരമാധ്യക്ഷനെ കാണാനുള്ള ഓഡിയൻസ് ലഭിച്ചു. കേരളത്തിൽനിന്നാണെന്നറിഞ്ഞപ്പോൾ പിതാവിന്റെ മുഖം തിളങ്ങി. കാരണം, പാപ്പായ്ക്ക് കേരളത്തിലെ കത്തോലിക്കരെ ഏറെ ഇഷ്ടമാണ് എന്നതുതന്നെ. കേരളത്തിലെ ക്രൈസ്തവർ ആഴമേറിയ വിശ്വാസികളാണെന്നും സഭയുടെ പ്രബോധനങ്ങളെ അപ്പാടെ പിന്തുടരുന്നവരാണെന്നും പാപ്പായ്ക്ക് അറിയാമായിരുന്നു. അടുത്തുനിന്ന ഡോ. ശുഭയെയും എലിസ് മേരിയെയും പിതാവിനു പരിചയപ്പെടുത്തി. ശുഭയോടു കുശലങ്ങൾ അന്വേഷിച്ചു. എപ്പോഴാണ് പാപ്പാ ഇന്ത്യ സന്ദർശിക്കുന്നതെന്നു ചോദിച്ചപ്പോൾ, 2017 ൽത്തന്നെ ഇന്ത്യ സന്ദർശിക്കാനും പ്രത്യേകിച്ച് കേരളത്തിൽ വരാനും തീരുമാനിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതിനുള്ള അനുവാദം ഇന്ത്യൻ സർക്കാരിനോടു വത്തിക്കാൻ ചോദിച്ചിട്ടുണ്ടെന്നും പറഞ്ഞു. എന്നാൽ, ഭാരതസർക്കാർ പോപ്പിന്റെ സന്ദർശനസമയം ഓരോ കാരണങ്ങളാൽ നീട്ടിക്കൊണ്ടുപോയി. പിന്നീട് ഇന്ത്യയുടെ ഭാഗത്തുനിന്ന് അനുകൂലനീക്കങ്ങൾ ഉണ്ടായപ്പോൾ പിതാവിന്റെ ആരോഗ്യനില വഷളായ സ്ഥിതിയിലായിരുന്നു.


*ലേഖകനും കുടുംബവും ഫ്രാൻസീസ് പാപ്പായോടൊപ്പം*

പോരാൻനേരം പാപ്പായ്ക്ക് ഞാനെഴുതിയ, ഡി.സി. ബുക്സിന്റെ ബെസ്റ്റ് സെല്ലറായ 'ഹൃദയാരോഗ്യത്തിന് ഭക്ഷണവും വ്യായാമവും' എന്ന പുസ്തകം സമ്മാനമായിക്കൊടുത്തു. പിതാവത് സാകൂതം ഏറെ കൗതുകത്തോടെ ആദ്യവസാനം മറിച്ചുനോക്കി. മലയാളം വായിക്കാൻ അറിയാത്തതിൽ ദുഃഖിക്കുന്നുവെന്നു തമാശയായി പറഞ്ഞു. ഇന്ത്യാസന്ദർശനത്തിനുമുമ്പ്, കേരളത്തിലെ മലയാളികളുമായി സംസാരിക്കാനായി മലയാളഭാഷ പഠിക്കാൻ ശ്രമിക്കുമെന്നും പറഞ്ഞു. മനസ്സുനിറഞ്ഞ സന്തോഷത്തോടെ പിതാവിനോടു യാത്ര പറഞ്ഞിറങ്ങി. കേരളം സന്ദർശിക്കുമ്പോൾ ഇനിയും കാണാമെന്നും പരിശുദ്ധപിതാവ് പറഞ്ഞു.

ലോകജനതയുടെ നന്മയും സന്തോഷവും സമാധാനവും മാത്രമാഗ്രഹിച്ച നിഷ്കാമകർമിയായ ഒരു യുഗപുരുഷൻ. ലോകമനഃസാക്ഷിയുടെ കരുത്തുറ്റ സ്വരമായി വിരാജിച്ച പന്ത്രണ്ടു വർഷങ്ങൾ (2013-2025). നടപ്പാക്കിയത് എന്നും പരിശുദ്ധാത്മാവിന്റെ തീരുമാനങ്ങൾ മാത്രം. അതേ, ഒരു ഇതിഹാസസമാനമാണ് ആ ജീവിതം; ആത്മീയതയുടെ ആയിരം സൂര്യതേജസ്സുള്ള ഇതിഹാസം.

നോവൽ 11

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

**മോ**നു ഒരു കമ്പിൽ തുണി കെട്ടിക്കൊണ്ട്, പുരയ്ക്കു ചുറ്റും സിന്ദാബാദ് കളിക്കുകയാണ്. കുറേ മുദ്രാവാക്യങ്ങൾ തെറ്റിച്ചു പറയുന്നു. തെറ്റാണെങ്കിലും കേൾക്കാൻ ഇമ്പമാണ്. ഒരു കാച്ചട്ടയും അമ്മ തുന്നിക്കൊടുത്ത ഒരു റേന്ത ബനിയുമാണ് ഇട്ടിരിക്കുന്നത്.

"ഇന്ദിരേ നീയൊരുപെണ്ണല്ലേ,
നിനക്കു രണ്ടുമക്കളില്ലേ"
"ഉമ്മൻ ചാണ്ടീ നേതാവേ
ഞങ്ങടെ ഓമനനേതാവേ,
നിന്നെപ്പിന്നെക്കണ്ടോളാം...
ഇയെമ്മസ്സിനെ ഈയംപൂശി
ഈയലുപോലെ പറപ്പിക്കാം.
ചൊമലച്ചെങ്കൊടി എന്തിനു കൊള്ളാം,
കെ. ആർ. ഗൗരിക്കു ബ്ലൗസ്സിനു കൊള്ളാം."

മുദ്രാവാക്യങ്ങളിങ്ങനെ മാറി മാറി വിളിക്കുകയാണ്.

അതിങ്ങനെ ഓളങ്ങളായി താളങ്ങളായി അന്തരീക്ഷത്തിൽ അനുസ്യൂതം അലയടിക്കുകയാണ്, മോനുവിന്റെ കണ്ഠത്തിൽ നിന്ന്.

കോൺഗ്രസുകാരും കമ്മ്യൂണിസ്റ്റുകാരുമൊക്കെ യാത്രക്കാരായി വഴിയേ പോകുന്നുണ്ട്. ചിലർ അതിലെ കോമഡി പറഞ്ഞ് ആസ്വദിച്ചു ചിരിക്കുന്നുമുണ്ട്.

പള്ളിപ്പെരുന്നാളു കൂടാൻ കിട്ടിയ ചെറിയതുകകൾ കൂട്ടിവച്ച് അമ്മയുടെ നിർബന്ധപ്രകാരം ലിസി ഒരു ഓറഞ്ചുനിറമുള്ള ഹാഫ്സാരി വാങ്ങിച്ചു.

മറ്റേ സാരികൾ മേഴ്സി മാറി മാറിയുടുത്ത് സ്വന്തംപോലെയാക്കിയിരിക്കുകയാണ്.

ലിസി അമ്മയുടെ മുന്നിൽ ഒരാഗ്രഹം സമർപ്പിച്ചു: "അമ്മേ എനിക്കു പഠിക്കണം."

അമ്മ പറഞ്ഞു: "ഞാനും കുറേയായി ആലോചിക്കുന്നു, നിന്നെ പഠിപ്പിക്കുന്ന കാര്യം."

അമ്മ തുടർന്നു: "എന്നാ എടുത്തിട്ട് ഫീസു കൊടുക്കും, മേഴ്സിക്കുട്ടിയാണേൽ ടൈപ്പും ഷോർട്ടാന്റും ഇംഗ്ലീഷും മലയാളോം എല്ലാംകൂടെ ഒന്നിച്ചങ്ങു പഠിക്കുകയുമാണ്. അവളതു കൂടാതെ വനിതാസമാജത്തിൽ ച്ചേർന്ന് തയ്യലും പഠിക്കുന്നു.

"പെമ്പിള്ളേരായാൽ അല്പം ബുദ്ധീംകഴിവുമൊക്കെ വേണം. അതെങ്ങനെയാ അവൾക്കു തൊട്ടുകൊടുത്തതും തലതൊട്ടതും പേരും എല്ലാം കരോട്ടെയമ്മച്ചിയല്ലേ, ആ പേരിന്റ വാശി അവളു കാണിക്കും, നിനക്കാണേൽ 'പുഴുങ്ങിയ നെല്ലിനു വാപൊളിക്കാനറിയാത്ത' എന്റെ അമ്മയാണു തലതൊട്ടത്, അമ്മയുടെ പേരുമാണ്, വെറുതെ മറ്റുള്ളവർക്കുവേണ്ടി കൂലിയില്ലാപ്പണി ചെയ്യും, അമ്മ കഷ്ടപ്പെട്ടതിനൊരന്തമുണ്ടോ."

അമ്മ അപ്പനോടാലോചിച്ചു: "ഇച്ചാച്ചാ നമ്മുടെ ലിസിക്കുട്ടിയെ ഇങ്ങനെ നിർത്തിക്കോണ്ടു നിന്നാ മതിയോ വല്ലോം പഠിപ്പിക്കണ്ടേ?"


അപ്പൻ പറഞ്ഞു: "അവളു വീട്ടിലുള്ളത് നിനക്കൊരാശ്വാസമല്ലേടീ, പശൂന്റെ കാടിയും പുല്ലും കൂടു വൃത്തിയാക്കലുമൊക്കെ അവളല്ലേ ചെയ്യുന്നത്. പോരാഞ്ഞിട്ട്, അപ്പാപ്പന് പ്രാർഥന ചൊല്ലിക്കൊടുക്കാനും പത്രം വായിച്ചു കൊടുക്കാനുമൊക്കെ വേറെ ആരിരിക്കുന്നു?'

"അതൊന്നും പറഞ്ഞാ പറ്റില്ലിച്ചാച്ചാ, അതിന്റെ ഊരു പിരാകുന്നുണ്ട്, അതിനെ പഠിപ്പിക്കാൻ വിടണം."

അമ്മേയോട് ലിസിക്ക് ഒത്തിരി ഇഷ്ടം തോന്നി. പാവം അമ്മ. തനിക്കുവേണ്ടി വാദിക്കുന്നു.

മുറിക്കുള്ളിൽ സാരിയുടുത്ത് 'ടൈപ്പിനു പോകാൻ' ഒരുങ്ങിക്കൊണ്ടിരുന്ന മേഴ്സിയുടെ അടുക്കൽ അമ്മ ചെന്നിട്ടു പറഞ്ഞു: "മേഴ്സിമോളിനി ഏതെങ്കിലും രണ്ടു കൂട്ടം പഠിച്ചാ മതി. മലയാളമോ ഇംഗ്ലീഷോ ഏതെങ്കിലും. രണ്ടുകൂട്ടം ലിസിയമ്മയും പഠിക്കട്ടേ. ഇംഗ്ലീഷ് ടൈപ്പും ഇംഗ്ലീഷ് ഷോർട്ടാന്റും."

"...യ്യോ അമ്മേ അതു പറ്റില്ല, നാലും കൂടെ എളുപ്പം പഠിച്ചാൽ എനിക്കുടനെ പി. എസ്.സി. എഴുതി ജോലീൽകേറാം. മലയാളം ടൈപ്പും മലയാളം ഷോർട്ടുഹാൻഡും, ഇംഗ്ലീഷ് ടൈപ്പും ഇംഗ്ലീഷ് ഷോർട്ടുഹാൻഡും. ഈ നാലിന്റെയും ഹയർ എടുത്ത ഒരൊറ്റയാളുപോലും ജോലിയില്ലാതെ നില്ക്കുന്നില്ല. ജോലി കിട്ടിയാലുടനെ ഞാനവളെ പഠിപ്പിച്ചോളാം, മാത്രമല്ല ബാക്കി എല്ലാരേം പഠിപ്പിച്ചോളാം.'



അമ്മ കട്ടായം പറഞ്ഞു:

"മേഴ്സി ഇനീം മിണ്ടരുത്, ഞാനീപ്പറയുന്നത് നീ കേക്കണം, ...ന്റെ റോയിച്ചന്റെ സ്വപ്നങ്ങൾ പൂഴ്ത്തിവച്ചിട്ടാണവൻ ബോംബേൽ ജോലി തേടി പോയത്. ആ കിട്ടുന്ന കാശിന് നിന്നെ ഒരുത്തിയേ മാത്രം പഠിപ്പിച്ചാൽ മതിയോ? ലിസിയമ്മയുടെ ശാപം നിനക്കു കിട്ടില്ലേ? റോയിച്ചൻ നിർബ്ബന്ധിച്ചിട്ടാ ഞാനവളെ പഠിപ്പിക്കാനാലോചിക്കുന്നതു തന്നേ, അവളെയങ്ങനെ തറവാട്ടുകാർക്കു കോരാൻ വിട്ടാൽ മതിയോ?"

പക്ഷേ, അമ്മ എന്തിനാണ് മേഴ്സിയോട് ആലോചിക്കുന്നത്, മേഴ്സിക്ക് എന്താ ഈ വീട്ടിൽ ഇത്ര വല്യ സ്ഥാനം! ലിസിക്ക് ദേഷ്യംവന്നു.

എന്നാൽ, മേഴ്സിക്ക് ഒരു യോജിപ്പുമില്ല, ലിസിയെ ഇപ്പോൾ പഠിപ്പിക്കുന്നതിനോട്.

അന്നു ചാക്കോച്ചൻ വീട്ടിൽ വന്നപ്പോൾ അമ്മ പറഞ്ഞു:

"ചാക്കോച്ചാ എന്റെ റോയിമോനെക്കൂടേ ഒന്നു കൊണ്ടുപോകാൻ പറഞ്ഞിട്ട് നിങ്ങളാരും മനസ്സുവച്ചില്ലല്ലോ, ആ പാവം ഒരു പെൻസിൽ കമ്പനിയിൽ തുച്ഛമായ ശമ്പളത്തിലൊരു ജോലീക്കേറി, റൊട്ടീംതിന്ന്, പൈപ്പുവെള്ളോം കുടിച്ചോണ്ട്, കിട്ടുന്ന കാശ് അയച്ചുതരും. എന്നിട്ടും എന്റെ ലിസിമോളേക്കൂടെ പഠിപ്പിക്കാനയയ്ക്കാൻ പറ്റുന്നില്ല."

അമ്മ അഭിമാനിയാണ്, എന്നിട്ടും മക്കൾക്കുവേണ്ടി മാനാഭിമാനങ്ങൾ നോക്കാതെ സഹോദരീപുത്രനോടു സങ്കടം പറയുന്നു.

ലിസിക്കതിൽ ഒത്തിരി വേദന തോന്നി.

അമ്മയും ചാക്കോച്ചനും സമപ്രായക്കാരാണ്. അതിന്റെ അടുപ്പം ചാക്കോച്ചായന് അമ്മയോടുണ്ട്. എങ്കിലും സ്ഥാനം വച്ച് അമ്മയെ കൊച്ചമ്മ എന്നാണ് വിളിക്കുന്നത്.

അമ്മയുടെ അമ്മയും അമ്മയുടെ രണ്ടാമത്തെ ചേടത്തിയും ഒരേ മാസം പ്രസവിച്ചതാണവരെ. അമ്മയെക്കാൾ മൂത്ത മക്കൾ വേറെയും അമ്മയുടെ ജ്യേഷ്ഠത്തിമാർക്കുണ്ട്.

അമ്മയുടെ അപ്പച്ചൻ രണ്ടാം വിവാഹം കഴിച്ചതാണ് അമ്മയുടെ അമ്മയെ. അന്ന് ആ വല്യമ്മച്ചിക്ക് പതിനാറു വയസ്സ് പ്രായം. അപ്പച്ചന്റെ ആദ്യഭാര്യയിൽ രണ്ടു പെൺമക്കളും ഒരു മകനുമുണ്ട്. പെണ്മക്കൾക്ക് പതിനഞ്ചും പതിമ്മൂന്നും പ്രായം. മകനു മൂന്നു വയസ്സുമാത്രം. പെൺമക്കൾ കൊച്ചമ്മയെന്നും മകൻ അമ്മയെന്നും വിളിച്ചു.

അമ്മയുടെ അപ്പന്റെ പേരാണ് ചാക്കോച്ചനിട്ടിരിക്കുന്നത്. ആ പേരാണ് ജാക്സന്റെ പള്ളിപ്പേര് -ചാക്കോ. ചാക്കോ പരിഷ്കരിച്ച് ജാക്സൺ എന്നാക്കിയത് മാത്യുപ്പാപ്പനാണ്.

അമ്മയുടെ അമ്മയെ എട്ടാം വയസ്സിൽ ഒരു പുരാതനതറവാട്ടിലേക്ക് ആദ്യം കെട്ടിച്ചയച്ചതാണ്. ഒരു കിലോ സ്വർണ്ണം തൂക്കിക്കൊടുത്തു. ഒരു വീട്ടിൽ ആവശ്യമായ ഓട്ടുപാത്രങ്ങളും ചെമ്പുപാത്രങ്ങളുമെല്ലാം നല്കി. ഒറ്റപ്പെണ്ണായതിനാൽ ആൺമക്കളുടെയൊപ്പം അവകാശം പറഞ്ഞുവച്ചു.

എന്നാൽ, പാവംവല്യമ്മച്ചി ഒമ്പതാം വയസ്സിൽ വിധവയായി. അക്കാലത്ത് പരക്കെ നാട്ടിലെമ്പാടും വസൂരിരോഗം വന്നു. വസൂരിരോഗം വന്നവരെയെല്ലാം മാറ്റിപ്പാർപ്പിക്കണം, അതാണ് കീഴ്വഴക്കം.

ഈ മാറ്റിപ്പാർപ്പിക്കൽ കൊണ്ടാകാം മരണസംഖ്യ ഇത്രയധികം വർദ്ധിക്കാൻ കാരണമെന്ന് വല്യമ്മച്ചി പറയാറുണ്ട്. കാരണം, വസൂരിയുടെ ചികിത്സകൻ പുലയജാതിയിൽപ്പെട്ട ഒരാളാണ്. വസൂരി വന്നവരെ സംരക്ഷിക്കുന്നത് അവരാണ്. രോഗി ദാഹിച്ചുവലഞ്ഞ് വെള്ളം ചോദിക്കുമ്പോൾ അയാൾ കരിക്കുവെട്ടി വെള്ളം, പൊള്ളി പനിച്ചുകൊണ്ടിരിക്കുന്ന രോഗിയുടെ നെഞ്ചിൽ ഒഴിക്കുമത്രേ, പിന്നെ താമസമില്ല മരണം പൊടുന്നനേ സംഭവിക്കുമത്രേ.

അമ്മച്ചിയോടൊപ്പം കൊത്താങ്കല്ലാടുകയും 'ഏക്കുട്ടൻചാത്തി'കളിക്കുകയും ചെയ്തുകൊണ്ടിരുന്ന അമ്മയുടെ ആദ്യഭർത്താവിനും വസൂരി പിടിപെട്ടു. രോഗത്തിൽനിന്നു കഷ്ടിച്ചു രക്ഷപ്പെട്ട അനിയൻ പീലിക്കുഞ്ഞാണത്രേ ഈ നഗ്നസത്യങ്ങൾ ജീവനോടെ ശേഷിച്ച എല്ലാവരുടെയും മുന്നിലനാവരണം ചെയ്തത്.

വല്യമ്മച്ചിയുടെ ഭർത്താവും അമ്മായിയപ്പനും ഭർത്തൃസഹോദരന്മാരും വിധിയുടെ വിളയാട്ടത്തിൽ ഇല്ലാതായി, പീലിക്കുഞ്ഞു മാത്രം രക്ഷപ്പെട്ടു.

വല്യമ്മച്ചിയുടെ ആദ്യഭർത്താവിന്റെ പേരുപോലും അന്ന് വല്യമ്മച്ചിക്കറിയില്ല. പിന്നെയാരും അതേച്ചൊല്ലി മിണ്ടിയിട്ടുമില്ല.

അസുഖം കൂടി മാറ്റിപ്പാർപ്പിച്ചയുടൻ വല്യമ്മച്ചിയുടെ അപ്പന് ആളുപോയി, 'എത്രയും വേഗം അന്നക്കുഞ്ഞിനെ വന്നു കൊണ്ടുപൊയ്ക്കോളാൻ.'

കാൽനടയായിട്ടാണ് പാമ്പാടിയിൽനിന്നു കങ്ങഴയ്ക്കു യാത്ര ചെയ്യുന്നത്. പൊത്തമ്പുറം ഭാഗത്തൂടെ യാത്ര ചെയ്തപ്പോൾ വല്യമ്മച്ചിക്ക് മൂത്രമൊഴിക്കണം. അപ്പച്ചൻ കാണാതിരിക്കാൻ വല്യമ്മച്ചി ഇത്തിരി ഉള്ളിലേക്കു പോയി, ഇരുന്നു. അപ്പോൾ കേൾക്കാം ഒരു ഞരക്കം.

"വെള്ളം, വെള്ളം."

ആരോ വെള്ളം ചോദിച്ചു കരയുന്നു.

വല്യമ്മച്ചിഅടുത്തുചെന്നു, ഒരു ചെറിയ കുടിലിൽ ഒരു വൃദ്ധ തറയിൽ കിടക്കുന്നു. അടുത്തു മറ്റാരുമില്ല. അവർ കരയുകയാണ്. അടുപ്പു കൂട്ടിയിരിക്കുന്ന ഭാഗത്ത് ഒരു കലത്തിൽ കുറേ കഞ്ഞിവെള്ളമുണ്ട്. വല്യമ്മച്ചി കുറച്ചു കഞ്ഞിവെള്ളമെടുത്ത് ആ വൃദ്ധയ്ക്കു കൊടുത്തു. വല്യമ്മച്ചിക്കും ദാഹമുണ്ടായിരുന്നു, ഇത്തിരി വല്യമ്മച്ചിയും കുടിച്ചു.

വല്യമ്മച്ചിയുടെ ജീവിതത്തിലെ സൈ്വരം മുഴുവൻ മാറ്റിക്കളഞ്ഞ ഒരു ദുർവിധിയായിരുന്നത്.

വസൂരിയോടൊപ്പം പല സ്ഥലങ്ങളിലും കോളറായും ബാധിച്ചിരുന്നു. വല്ലാത്ത ഒരു ദുഷ്ക്കാലമായിരുന്നു അത്. ആ നൂറ്റാണ്ടിലെ മഹാമാരികളായിരുന്നു വസൂരിയും കോളറായും.

ഇന്ന് വസൂരി ലോകത്തുനിന്ന് തുടച്ചുനീക്കപ്പെട്ടിരിക്കുന്നു.

വീട്ടിലെത്തിയ വല്യമ്മച്ചി ഒഴിച്ചിലും ഛർദ്ദിയുമായി മരണത്തോടു മല്ലടിച്ചു. വല്യമ്മച്ചി മരിച്ചു.

വലിയ കുടുംബത്തിലെ ഒരു പ്രമാണിയുടെ മകളായ അന്നക്കുഞ്ഞിന്റ അകാലമരണം കുടുംബക്കാരെ മാത്രമല്ല, നാട്ടുകാരെയും ഏറെ വേദനിപ്പിച്ചു.

വമ്പിച്ച ജനാവലിയുടെ സാന്നിധ്യത്തിൽ ശവം മുറ്റത്തെ പന്തലിലേക്കെടുക്കുകയാണ്. പ്രാർഥനകൾ തുടർന്നുകൊണ്ടിരിക്കുന്നു.

കൊച്ചുശവപ്പെട്ടിയിൽ അന്നക്കുഞ്ഞിനെ ഒരുക്കിക്കിടത്തി. അമ്മ വാവിട്ടു നിലവിളിച്ചു. അമ്മയെ ആശ്വസിപ്പിക്കാൻ വാക്കുകളില്ലാതെ ബന്ധുക്കൾ വിഷമിച്ചു.

ഈ സമയത്ത് കുടുംബത്തിലെ ഒരു കാരണവർക്കു സംശയം; 'മരിച്ച് ഏറെ സമയം പിന്നിട്ടിട്ടും ശരീരത്തിൽ 'ഒച്ചിന്റെ' തണുപ്പ് വരുന്നില്ലല്ലോ'

അദ്ദേഹം ഒരു പേനാക്കത്തിയെടുത്ത് അന്നക്കുഞ്ഞിന്റെ പല്ലുകൾ ബലമായി അകറ്റി രണ്ടുതുള്ളി വെള്ളമൊഴിച്ചു. അന്നക്കുഞ്ഞ് വെള്ളം ഇറക്കി. അങ്ങനെ മരിച്ചെന്നു കരുതി കുടുംബ ക്കല്ലറയിൽ അടക്കാൻ തുടങ്ങിയ അന്നക്കുഞ്ഞിന് ഒരു രണ്ടാം ജന്മം കിട്ടി.

*ശേഷം 12-ാം പേജിൽ*



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# പ്രതീക്ഷയുടെ വിളക്കുകൾ തല്ലിക്കെടുത്തരുത്

നേർമൊഴി

ജനാധിപത്യം തത്ത്വത്തിൽ സമത്വസുന്ദരഭരണക്രമമാണ്. എങ്കിലും രാഷ്ട്രീയ അജണ്ടകളും വ്യക്തിപരമായ താത്പര്യങ്ങളും ജനങ്ങൾക്കിടയിൽ ഭിന്നതയും സമൂഹത്തിൽ കടുത്ത അസമത്വവും സൃഷ്ടിക്കുന്നുണ്ട്. ശക്തിയും സ്വാധീനവുമില്ലാത്തവർ പാടേ അവഗണിക്കപ്പെടുന്ന സാഹചര്യമുണ്ട്. നേതാക്കന്മാരുടെ ചൂഷണത്തിനും ദുർഭരണത്തിനും ഇരയാകുമ്പോൾ ജനത്തിന്റെ ഏകാശ്രയം കോടതിയും സിവിൽ സർവീസ് ഉദ്യോഗസ്ഥരുമാണ്. ജനങ്ങളെ സേവിക്കാൻ അറിവും അധികാരവും നിയമത്തിന്റെ പിൻബലവുമുള്ളവരാണവർ. ജനാധിപത്യത്തിന്റെ കാവൽക്കാരായി അറിയപ്പെടുന്ന അവർക്കിടയിൽത്തന്നെ ജീർണത കൂടിവരുന്നത് സാധാരണക്കാരെ കുറച്ചൊന്നുമല്ല അസ്വസ്ഥപ്പെടുത്തുന്നത്. സംരക്ഷകർ ദുർബലരാകുമ്പോൾ പ്രതീക്ഷ നഷ്ടപ്പെടുന്നത് ആശ്രിതർക്കത്രേ! നീതിപാലകരിൽ വിശ്വാസം കുറയുകയും സിവിൽസർവീസ് ഉദ്യോഗസ്ഥരിൽ പ്രതീക്ഷ നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥ ജനാധിപത്യത്തിനു ഭൂഷണമല്ല.

പറഞ്ഞുവരുന്നത്, സിവിൽ സർവീസിൽ അടുത്തകാലത്തു വർധിച്ചുവരുന്ന തമ്മിലടികളെക്കുറിച്ചാണ്. സിവിൽ സർവീസിനെ രാഷ്ട്രത്തിന്റെ ഉരുക്കുചട്ടക്കൂട് എന്നാണ് ഉരുക്കുമനുഷ്യൻ എന്ന വിശേഷണമുള്ള സർദാർ വല്ലഭായി പട്ടേൽ വിശേഷിപ്പിച്ചത്. അവർ ജനാധിപത്യത്തിന്റെ സൂക്ഷിപ്പുകാരും നിയമങ്ങൾ നടപ്പിലാക്കുന്നവരും സർക്കാർപദ്ധതികളുടെ നടത്തിപ്പുകാരും ജനക്ഷേമപ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പാക്കുന്നവരുമത്രേ. രാഷ്ട്രീയനേതൃത്വത്തിനു വിവിധ വിഷയങ്ങളിൽ മാർഗനിർദേശങ്ങളും നിയമോപദേശങ്ങളും ഇവരിൽനിന്നു ലഭിക്കുന്നു. പൊതുജനത്തിനു ലഭിക്കേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കേണ്ടത് സിവിൽ സർവീസ് ഉദ്യോഗസ്ഥരാണ്. ഭരണഘടനയും നാടിന്റെ നിയമവും ഉയർത്തിപ്പിടിക്കാനുള്ള ഉത്തരവാദിത്വം വഹിക്കുന്നവരാണ് സിവിൽ സർവീസിലുള്ളവർ. പ്രകൃതിദുരന്തംപോലുള്ള അടിയന്തരസാഹചര്യങ്ങളിൽ ഇടപെട്ട് ആശ്വാസം പകരുന്നത് സിവിൽ സർവീസ് ഉദ്യോഗസ്ഥരാണ്. തിരഞ്ഞെടുപ്പുപ്രക്രിയ സുഗമമമാക്കുന്നതിനു നേതൃത്വം വഹിക്കുന്നതും സിവിൽ സർവീസ് ഉദ്യോഗസ്ഥരാണ്. ക്രമസമാധാന പ്രശ്നങ്ങളുണ്ടാകുമ്പോൾ അടിയന്തരമായി ഇടപെടാനുള്ള ഉത്തരവാദിത്വം സിവിൽ സർവീസുകാർക്കു ണ്ട്.



ഇത്രയും വിപുലവും ഭാരിച്ചതുമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ അവരെ പ്രാപ്തരാക്കുന്നത് അവരുടെ പരീക്ഷായോഗ്യതയും ലഭിക്കുന്ന പരിശീലനവും പ്രവൃത്തിപരിചയത്തിലൂടെ ലഭിക്കുന്ന അനുഭവജ്ഞാനവുമാണ്. രാജ്യത്തെ ഏറ്റവും ബുദ്ധിമുട്ടുള്ള പരീക്ഷയാണ് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന സിവിൽ സർവീസ് പരീക്ഷ. മൂന്നു ഘട്ടങ്ങളിലായി നടത്തുന്ന പരീക്ഷയിൽ ജയിക്കുന്നത് വളരെ ചെറിയ ഒരു ശതമാനം പേർ മാത്രമാണ്. ഒമ്പതു ലക്ഷത്തിനും പത്തു ലക്ഷത്തിനുമിടയിൽ വിദ്യാർഥികളാണ് ഓരോ വർഷവും പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്യുന്നത്. ഒരു വർഷം രാജ്യത്തിനാവശ്യമായി വരുന്നത് 180 ൽ താഴെ ഐ.എ.എസുകാരെമാ ത്രമാണ്. അതുകൊണ്ട് പരീക്ഷ എഴുതുന്നവരിൽ അരശതമാനത്തിൽതാഴെ വിദ്യാർഥികൾ മാത്രമാണു പാസാവുക. അവർക്കു ലഭിക്കുന്ന റാങ്കനുസരിച്ച് മസൂറിയിലോ ഹൈദ്രാബാദിലോ രണ്ടു വർഷത്തോളം നീളുന്ന പ്രൊഫഷണൽ പരിശീലനത്തിനുശേഷമാണ് അവർ വിവിധ തസ്തികകളിൽ നിയമിതരാകുന്നത്. രാജ്യത്തെ മറ്റ് ഏതു സേവനമേഖലയെക്കാൾ വൈവിധ്യപൂർണമായ ഇടങ്ങളിലാണ് അവർ സേവനം ചെയ്യേണ്ടിവരുന്നത്. അവിടത്തെ അനുഭവങ്ങൾ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ സാധാരണക്കാർക്കു ഭാവന ചെയ്യാവുന്നതിലധികം അപ്പുറത്തേക്കു വളർത്തുന്നു. സിവിൽ സർവീസിന്റെ മഹിമയുടെ രഹസ്യമിതാണ്.

ഒന്നിനെയും ഭയപ്പെടാതെയും ആരെയും ആശ്രയിക്കാതെയും സ്വതന്ത്രമായും സത്യമായും തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനുമുള്ള അധികാരവും അടിസ്ഥാന സൗകര്യങ്ങളും നിയമസംരക്ഷണവും സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കുണ്ട്. ബഹുരാഷ്ട്രക്കമ്പനികളിലെ ഉയർന്ന തസ്തികകളിൽ ലഭിക്കുന്ന വേതനം സിവിൽ സർവീസുകാർക്കില്ലെങ്കിലും മറ്റാനുകൂല്യങ്ങളും നിയമസംരക്ഷണവും മറ്റാരേക്കാളും അവർക്കുണ്ട്. ഭരണഘടനയുടെ 53, 154, 311, 312 ആർട്ടിക്കിളുകളിൽ സിവിൽ സർവീസ് ഉദ്യോഗസ്ഥർക്കു ലഭിക്കുന്ന നിയമസംരക്ഷണത്തെക്കുറിച്ചു വ്യക്തമായി പരാമർശിച്ചിട്ടുണ്ട്.

സിവിൽ സർവീസ് ഉദ്യോഗസ്ഥൻ എത്ര പ്രഗല്ഭനാണെങ്കിലും അദ്ദേഹത്തിനു സ്വന്തം നിലയിൽ പ്രവർത്തിക്കാനാവില്ല. ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടിക്കുവേണ്ടിയോ പാർട്ടികൾക്കെതിരായോ പ്രവർത്തിക്കാനാവുകയില്ല. അവർക്കു വർത്തിക്കേണ്ടത് 1964 ൽ രൂപീകൃതമായ കേന്ദ്ര സിവിൽ സർവീസ് ചട്ടങ്ങൾക്കു വിധേയമായും സർക്കാർനിയമങ്ങൾക്കനുസൃതമായുംമാത്രമാണ്. വിവാദങ്ങളിൽ പെടാതിരിക്കാനും സോഷ്യൽമീഡിയായിൽ അഭിരമിക്കാതിരിക്കാനും ശ്രമിക്കേണ്ടത് അവരുടെ കടമയാണ്. സമീപകാലത്തെ പ്രതിസന്ധികൾ വേലി വിളവു തിന്നുന്നതിൽനിന്നുണ്ടായതാണ്.

■

## കാറ്റിന്റെ മർമരങ്ങൾ

*11-ാം പേജ് തുടർച്ച*

ഇനിയാണ് അന്നക്കുഞ്ഞിന്റെ നരകകാലം അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിയത്. അന്നക്കുഞ്ഞിനായി ഒരുക്കിയ കല്ലറയിൽ അമ്മയെ അടക്കി. അമ്മയ്ക്കും അപ്പച്ചനും അന്നക്കുട്ടിയിൽനിന്നു കോളറാ പകർന്നിരുന്നു.

പിറ്റേന്ന് അപ്പച്ചൻ അദ്ദേഹത്തിന്റെ സ്വന്തം തറവാട്ടിൽക്കൊണ്ടെ അന്നക്കുട്ടിയെയും ഇളയ മൂന്നു സഹോദരന്മാരെയും സ്വന്തം അമ്മയെ ഏല്പിച്ചു, ഒപ്പം അന്നക്കുട്ടിയുടെ അമ്മ മകൾക്കായി സൂക്ഷിച്ച പൊന്നാഭരണങ്ങളും.

അദ്ദേഹം സ്വന്തംവീട്ടിലേക്കു മടങ്ങിപ്പോയി. ആ രാത്രിയിൽ കോളറാ മൂലം അദ്ദേഹവും മരണപ്പെട്ടു.

പിന്നീട് അന്നക്കുഞ്ഞും സോദരന്മാരും ആ വലിയ വീടിന്റെ ഉരപ്പുരയിലാണു കഴിഞ്ഞത്. ഒരു വേലക്കാരി ചെയ്യുന്നതിനേക്കാൾ കൂടുതൽ ജോലി അന്നക്കുഞ്ഞ് ആ കുടുംബത്തിൽ ചെയ്തു. കേവലം ഒമ്പതു വയസ്സു മാത്രം പ്രായമുള്ള അന്നക്കുട്ടി തന്റെ അപ്പന്റെയമ്മ നിർദ്ദാക്ഷിണ്യം നല്കിയ സകല ജോലികളും ഒരു അടിമയെപ്പോലെ ചെയ്തു.

പതിനാറുവയസ്സിന്റെ നിറവിൽനിന്ന അതിസുന്ദരിയായ അന്നക്കുട്ടിയെ കാണുമ്പോളൊക്കെ അന്നക്കുട്ടിയുടെ വല്യപ്പന്റെ അനുജൻ കിഴക്കേടത്തെ മത്തായിപ്പാപ്പന് സഹിക്കാനാവാത്ത സങ്കടമാണ്. വല്യപ്പന്റെ അനുജനും അന്നക്കുട്ടിയുടെ അപ്പച്ചനും ഉറ്റ ബന്ധുക്കൾ മാത്രമല്ല ഉറ്റ ചങ്ങാതിമാരുമായിരുന്നു.

അങ്ങനെയൊരിക്കൽ മത്തായിപ്പാപ്പൻ കൊണ്ടുവന്ന ആലോചനയാണ് പട്ടശ്ശേരി ചാക്കോച്ചനുമായുള്ള അന്നക്കുഞ്ഞിന്റെ വിവാഹം. അന്നക്കുഞ്ഞിന്റെ അമ്മ കൊടുത്ത സ്വർണ്ണക്കിഴിയിൽനിന്ന് ഒരു കഴുത്തിലപോലും ദുഷ്ടയായ ആ അപ്പന്റെയമ്മ കൊടുത്തില്ല.

വറചട്ടിയിൽനിന്ന് ആളിക്കത്തുന്ന ചെമ്പടുപ്പിലേക്ക് എന്നപോലെയായി അന്നക്കുഞ്ഞിന്റെ തുടർജീവിതം.

കഷ്ടതയിലും പാട്ടുപാടി ദൈവത്തെ സ്തുതിക്കുന്ന, എല്ലാവരോടും എളിമയോടെ മാത്രം പെരുമാറുന്ന സ്നേഹമയിയായ ആ വല്യമ്മച്ചിയാണ് ലിസിമോളുടെ തലതൊട്ടത് വല്യമ്മച്ചിയുടെ പേരാണ് ലിസിയുടെ പള്ളിപ്പേര് – അന്ന.

വല്യമ്മച്ചിയാണത്രേ വാകത്താനംവരിക്ക എന്ന പേരിൽ പ്രസിദ്ധമായ വരിക്കപ്ലാവുകൾ വാകത്താനത്തു നട്ടത്.

(തുടരും)

## പിണക്കം

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

അയാളുടെ ഹൃദയവും തലച്ചോറും തമ്മിൽ പിണക്കത്തിലായി.

താനില്ലെങ്കിൽ അയാൾക്ക് ഒന്നും എഴുതാൻ കഴിയില്ലെന്ന് തലച്ചോറ്!

താനില്ലെങ്കിൽ ആ എഴുത്തിനു ജീവനില്ലാത്ത അവസ്ഥയാകുമെന്നു ഹൃദയം!

രണ്ടും ഒത്തുചേർന്ന് തന്നെക്കൊണ്ട് എഴുതിക്കുന്നതാണെന്ന് അയാൾ സമ്മതിച്ചുകൊടുത്തു. അങ്ങനെ ഒരു വിധത്തിൽ അവരുടെ പിണക്കം അയാൾ തീർത്തു.



# തൂക്കുമരത്തട്ടിലെ അവസാനത്തവൾ



1

ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഫ്രഞ്ചുവിപ്ലവകാലത്തു രക്തസാക്ഷിത്വം വരിച്ച പതിനാറു കന്യാസ്ത്രീകളെ, പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പാ 2024 ഡിസംബർ 18-ാം തീയതി വിശുദ്ധരായി പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ ലേഖനം**

**പ**രിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പാ 2024 ഡിസംബർ 18-ാം തിയതി 'കംപിയേണിലെ കർമലീത്താകന്യാസ്ത്രീകൾ' എന്നറിയപ്പെടുന്ന പതിനാറു വാഴ്ത്തപ്പെട്ടവരെ, വിശുദ്ധരുടെ നാമകരണനടപടികളുടെ ചില ഘട്ടങ്ങൾ ഒഴിവാക്കിക്കൊണ്ട്, വിശുദ്ധരായി പ്രഖ്യാപിച്ചു. ഇതിനെ എകിപൊളന്റ് (തത്തുല്യ ആധികാരികതയോടെ) വിശുദ്ധപദപ്രഖ്യാപനം എന്നാണു പറയുന്നത്. വാഴ്ത്തപ്പെട്ടവരുടെ മധ്യസ്ഥതയിൽ നടന്ന ഒരദ്ഭുതത്തിന്റെ അഭാവത്തിൽ, അവരുടെ പ്രാദേശികവണക്കത്തെക്കുറിച്ചു പഠിച്ചശേഷം വിശുദ്ധപദപ്രഖ്യാപനത്തിന്റെ തിരുക്കർമങ്ങൾ കൂടാതെതന്നെ പരിശുദ്ധപിതാവിന്റെ പ്രത്യേക അധികാരത്താൽ നടത്തുന്ന പ്രഖ്യാപനത്തിനാണ് തത്തുല്യആധികാരികതയോടെയുള്ള(Equipollent) വിശുദ്ധപദപ്രഖ്യാപനം എന്നു പറയുന്നത്.

ഇതിനുമുമ്പ് ബനഡിക്ട് പതിനാറാമൻ പാപ്പാ 2012 ൽ ബിൻഗതിലെ വി. ഹിൽഡെഗാർഡിനെയും 1931 ൽ പതിനൊന്നാം പീയൂസ് മാർപാപ്പാ മഹാനായ വി. ആൽബർട്ടിനെയും ഈവിധം വിശുദ്ധരായി പ്രഖ്യാപിച്ചിട്ടുണ്ട്. വളരെ വിരളമായേ, 'തത്തുല്യാധികാരികതയോടെയുള്ള വിശുദ്ധപദപ്രഖ്യാപനം' നടത്താറുള്ളൂ.

ഫ്രാൻസിന്റെ തലസ്ഥാനനഗരിയായ പാരീസിൽനിന്ന് 85 കിലോമീറ്റർ വടക്കുള്ള ഒരു പട്ടണമാണ് കംപിയേഞ്ഞ്. ഫ്രഞ്ചുവിപ്ലവം അതിന്റെ മൂർധന്യത്തിൽ എത്തിനിൽക്കുമ്പോൾ കംപിയേഞ്ഞിലെ കർമലീത്താമഠത്തിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനെ മഠത്തിൽനിന്നു പുറത്താക്കുകയും വസ്തുവകകൾ കണ്ടുകെട്ടുകയും ചെയ്തു. അതിൽ പതിനാറുപേരെ അറസ്റ്റു ചെയ്ത് പാരീസിൽ എത്തിക്കുകയും വിപ്ലവത്തിന് എതിരുനിൽക്കുന്നു എന്ന കുറ്റമാരോപിച്ച് മരണത്തിനു വിധിക്കുകയും ചെയ്തു. 1794 ജൂലൈമാസം പതിനേഴാം തീയതി 'രാജകീയസിംഹാസന'ത്തിന്റെ മൈതാനിയിൽ, ഉയർന്ന പ്ലാറ്റുഫോമിൽ ഉറപ്പിച്ചിരുന്ന ഗില്ലറ്റിനിൽ ഗളഹസ്തരായ കർമലീത്താ നിഷ്പാദുകസഭയിലെ ഈ പതിനാറു സഹോദരികൾ വിസ്മൃതിയിൽ ആണ്ടുപോയില്ല.

1906 മേയ് 27-ാം തീയതി പത്താം പീയൂസ് മാർപാപ്പാ ഈ പതിനാറു രക്തസാക്ഷികളെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. ഇവരുടെ സ്മരണ നിലനിറുത്താൻ ഏറ്റവുമധികം സഹായിച്ചത് ഗെർത്രൂദ് ഫോൺ ലെഫോർട്ട് (1876-1971) എന്ന ജർമൻ കത്തോലിക്കാസാഹിത്യകാരി 1931 ൽ രചിച്ച 'തൂക്കുമരത്തട്ടിൽ അവസാനത്തവൾ' (Die Letze Am Schafott) എന്ന ചെറുനോവലും അതിന്റെ ഭാഷാന്തരങ്ങളുമാണ്. ഇംഗ്ലീഷ് പരിഭാഷ 'The song at the scaffold' എന്ന ശീർഷകത്തോടെ 1933 ൽ പ്രസിദ്ധീകൃതമായി.

ഗെർത്രൂദ് ഫോൺ ലെഫോർട്ടിന്റെ ഈ നോവലിനെ അടിസ്ഥാനമാക്കി ഫ്രഞ്ചുഭാഷയിൽ ഒരു സിനിമ എടുക്കുന്നതിനായി 1948 ൽ പ്രശസ്ത സാഹിത്യകാരനായ ജോർജ് ബർണനോസ് ഒരു തിരക്കഥ തയ്യാറാക്കി. സിനിമാനിർമാണം ഉടനെ നടന്നില്ലെങ്കിലും ബർണാനോസിന്റെ തിരക്കഥ "Dialogues Carmelites" (കർമലീത്താ സിസ്റ്റേഴ്സിന്റെ സംഭാഷണങ്ങൾ) എന്ന പേരിൽ പ്രസിദ്ധീകൃതമായി.

ഏകദേശം പത്തുവർഷങ്ങൾക്കുശേഷം, ബർണനോസിന്റെ കൃതിയെ അടിസ്ഥാനമാക്കി വളരെ പ്രസിദ്ധമായ ഒരു സംഗീതനാടകവും സാധാരണ നാടകവും ഒന്നിലധികം സിനിമകളും രൂപമെടുത്തു.

**ബർണാനോസിന്റെ കാഴ്ചപ്പാടുകൾ**

1948 ൽ 60-ാം വയസ്സിൽ രോഗബാധിതനായി മരണത്തോടു മല്ലിട്ടു കഴിയുമ്പോഴാണ് ബർണാനോസ് തന്റെ ഈ അവസാനകൃതി രചിച്ചത്. തന്റെ മരണഭയവും മരണവേദനയുമെല്ലാം അദ്ദേഹം ബ്ലാൻഷ് (ധവളം എന്നർഥം) എന്ന ഒരു നോവീസിൽ സന്നിവേശിപ്പിച്ചിരിക്കുകയാണ്. മറ്റൊരു കൃതിയിൽ ബർണനോസ് ഭയത്തെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "ഒരർഥത്തിൽ കർത്താവ് ദുഃഖവെള്ളിയാഴ്ച വീണ്ടെടുത്ത് ദൈവപുത്രിയായി മാറ്റിയ ഒരു വികാരമാണ് ഭയം. അവളെ കാണാൻ ചന്തമില്ല. ഒരു കൂട്ടർ അവളെ പരിഹസിക്കുന്നു; ചിലർ അവളെ ശപിക്കുന്നു; എല്ലാവരും അവളെ തള്ളിപ്പറയുന്നു. എന്നിരിക്കിലും, സംശയലേശമെന്യേ പറയുവാൻ സാധിക്കും 'മരണവേദന അനുഭവിക്കുന്ന മനുഷ്യന്റെ തലയ്ക്കൽ അവനുവേണ്ടി മാധ്യസ്ഥ്യം യാചിച്ചുകൊണ്ട് ഭീതി എന്ന സന്തതസഹചാരിയുണ്ട്."

**ബ്ലാൻഷിന്റെ കഥ, ദൈവവിളി**

1774 ൽ ലൂയി പതിനഞ്ചാമൻ രാജാവിന്റെ കിരീടാവകാശിയായ രാജകുമാരന്റെ വിവാഹത്തിന് പാരീസ് നഗരത്തിലെങ്ങും ആഘോഷങ്ങൾ അരങ്ങേറി. അതിൽ പങ്കെടുക്കാനായി ദ്‌ല ഫോഴ്സ് പ്രഭുവും ഗർഭിണിയായ ഭാര്യയും കുതിരവണ്ടിയിൽ ജനക്കൂട്ടത്തിനിടയിലൂടെ നീങ്ങുകയാണ്. പ്രഭു തന്റെ മിത്രങ്ങളെ കണ്ടപ്പോൾ അവിടെയിറങ്ങി.



ആഘോഷങ്ങളുടെ ഭാഗമായി കത്തിക്കാനിരുന്ന വെടിക്കെട്ടുസാധനങ്ങളിലേക്കു തീ പടർന്നുണ്ടായ സ്ഫോടനശബ്ദം കേട്ട് ആളുകൾ ചിതറിയോടി. തിക്കിലും തിരക്കിലും പെട്ട കുതിരവണ്ടിയുടെ നേർക്ക് ആളുകൾ ആക്രോശിക്കുകയും കല്ലുപെറുക്കി എറിയുകയും ചെയ്തു. പൊലീസ് ഇടപെട്ട് പ്രഭ്വി സഞ്ചരിച്ചിരുന്ന കുതിരവണ്ടി കടത്തിവിട്ടു. ആകെ ഭയന്നുപോയ പ്രഭ്വി അന്നു രാത്രിതന്നെ ഒരു പെൺകുഞ്ഞിനു ജന്മം നൽകി. 'കുഞ്ഞിനു പ്രശ്നമില്ല, നിർഭാഗ്യ അമ്മ മരണമടഞ്ഞു' എന്നു പറഞ്ഞുകൊണ്ടാണ് പ്രസവം നടന്ന മുറിയിൽനിന്ന് ഡോക്ടർ പുറത്തേക്കു വന്നത്. ആ കുഞ്ഞാണ് ബ്ളാൻഷ്. വളർന്നുവന്നപ്പോൾ നിഴലു കണ്ടുപോലും പേടിച്ചു നിലവിളിക്കുന്ന സ്വഭാവമായിരുന്നു അവളുടേത്. ബ്ലാൻഷിന്റെ മൂത്തസഹോദരൻ ഇതേക്കുറിച്ച് ആശങ്കയുള്ളവനായിരുന്നു. പിതാവാകട്ടെ അവൾക്ക് ഒരു നല്ല ഭർത്താവിനെ കണ്ടെത്തിയാൽ പ്രശ്നങ്ങൾ അവസാനിക്കുമെന്ന നിലപാടാണ് എടുത്തത്.

ഇതെല്ലാം സംഭാഷണങ്ങളായിട്ടാണ് ബർണനോസ് അവതരിപ്പിക്കുന്നത്. വളരെ പരിചയസമ്പന്നനായ കുതിരവണ്ടിക്കാരനാണ് ബ്ലാൻഷിനെ നഗരത്തിലൂടെ നയിച്ചിരുന്നതെങ്കിലും ബ്ലാൻഷ് നഗരവീഥികളിലെ ഒച്ചപ്പാടും ബഹളവും കണ്ട് അകാരണമായി ഭയപ്പെട്ടു വിറച്ചിരുന്നു. അങ്ങനെ, ഒരു ദിവസം മകളുടെ മുറിയിൽ ചെന്നു സംസാരിച്ച അപ്പനോട്, അങ്ങയുടെ അനുവാദത്തോടെ കർമലമഠത്തിൽ ചേരാൻ ഞാൻ തീരുമാനിച്ചു എന്ന് ബ്ലാൻഷ് ധൈര്യമെല്ലാം സംഭരിച്ച് പറഞ്ഞൊപ്പിച്ചു. പേടിയെ പേടിച്ചുള്ള ഒളിച്ചോട്ടമല്ലേ എന്നാണ് പിതാവ് മകളോടു ചോദിച്ചത്. കാർമലിലെ കഠിനമായ ജീവിതചര്യകൾ പാലിക്കാൻ അവൾക്കു പറ്റുമോ എന്ന ചോദ്യത്തിന് 'തന്റെ ബലഹീനതകൾ ദൈവഹിതം മനസ്സിലാക്കുവാൻ തന്നെ സഹായിക്കുന്നു.' ഒരധികാരിക്ക് കീഴ്വഴങ്ങി സഹോദരിമാരോടൊപ്പം ജീവിക്കാനാണ് തന്റെ വിളി എന്ന് ബ്ലാൻഷ് പിതാവിനോടു പറഞ്ഞു. "എന്റെ മകളേ, നീ കരുതുന്നതിൽ കൂടുതൽ അഹങ്കാരം നിന്റെ തീരുമാനത്തിൽ ഒളിഞ്ഞിരിപ്പില്ലേ, ഒരു ഉന്നതകുലജാത ദാരിദ്ര്യവും അനുസരണയും തിരഞ്ഞെടുക്കുന്നു എന്നല്ലേ നീ വിചാരിക്കുന്നത്? ലോകത്തെ അങ്ങനെ അങ്ങ് തള്ളിക്കളയണമോ?"

പിതാവിന്റെ ചോദ്യങ്ങൾക്കു മുമ്പിൽ അല്പമൊന്നു പകച്ചെങ്കിലും ബ്ലാൻഷ് പ്രത്യുത്തരമായി പറഞ്ഞു: "ഞാൻ ലോകത്തെ വെറുക്കുന്നില്ല. ഞാൻ ലോകത്തെ ഭയപ്പെടുന്നു എന്നു പറയുന്നതും അത്ര ശരിയല്ല. എനിക്കു ജീവിക്കാനറിയത്തില്ലാത്ത ഒരിടമാണ് ഈ ലോകം.

അതേ, എന്റെ അപ്പച്ചാ, എനിക്ക് ഒച്ചപ്പാടും ബഹളവും ഒരു വിധത്തിലും സഹിക്കാൻ പറ്റുന്നില്ല. ലൗകികകൂട്ടുകെട്ടുകൾ ഞാൻ ആഗ്രഹിക്കുന്നില്ല. രാത്രി മുഴുവൻ വഴിയിൽ ആടിപ്പാടി നടക്കുന്ന ചെറുപ്പക്കാരെക്കുറിച്ചുള്ള ചിന്ത എന്റെ ഉറക്കം കെടുത്തുന്നു. കടൽച്ചൊരുക്കുള്ള ഒരു യുവാവിനെ കപ്പലിൽ ജോലി ചെയ്യാൻ അങ്ങു നിർബന്ധിക്കുമോ?" മകളെ ശ്രദ്ധയോടെ ശ്രവിച്ച പിതാവ്, എന്റെ പ്രിയ മകളേ, ലൗകികജീവിതം താങ്ങാനുള്ള ശക്തി നിനക്കുണ്ടോന്നു തീരുമാനിക്കേണ്ടത് നിന്റെ മനഃസാക്ഷിയാണ് എന്നു പ്രത്യുച്ചരിച്ചു. "പ്രിയ അപ്പച്ചാ, ഞാനിപ്പോഴും പേടിച്ചുവിറയ്ക്കുകയാണ്. എന്റെ കരങ്ങൾ ഐസുകട്ടപോലെ തണുത്തിരിക്കുന്നു. എന്റെ ഈ ഭയങ്കര ബലഹീനതയ്ക്ക് എന്തെങ്കിലും ഒരു പ്രതിവിധി കാണാതിരിക്കുകയില്ല. ദൈവത്തിന് എന്നെക്കൊണ്ട് ഒരു പദ്ധതി കാണാതിരിക്കില്ല. ഞാൻ ദൈവത്തിന് എല്ലാം ബലിയായി അർപ്പിക്കുന്നു. ഞാൻ എല്ലാം ഉപേക്ഷിക്കുന്നു. ഞാൻ സർവ്വവും ത്യജിക്കുന്നു. ദൈവം എനിക്കു ധൈര്യം പ്രദാനം ചെയ്യട്ടെ."

(തുടരും)

---

**കവിത** **സുലോചന രാജൻ**

## ഭൂമിയുടെ അവകാശികൾ

തുല്യമാണു ഭൂമിയിൽ
മനുഷ്യരെന്നപോലവേ
പുല്ലുകൾ പുഴുക്കളും
ചരാചരങ്ങളൊക്കെയും.

പക്ഷികൾ മൃഗാദികൾ
സസ്യജാലമൊക്കെയും
പൂത്തിടും ചെടികളും
കായ്ചിടും മരങ്ങളും.

മണ്ണിലൂടിഴഞ്ഞിടും
പാമ്പുകൾക്കുപോലുമീ
ഭൂമിയിൽ വസിച്ചിടാൻ
തുല്യനീതി നിശ്ചയം.

വെള്ളവും വെളിച്ചവും
ജീവവായു ഒക്കെയും
തന്നിടുന്നു തുല്യമായ്
അമ്മയാകുമിക്ഷിതി.

Deepanalam Weekly

RNI No : 16998/68
Vol. 58 No. 8 Date of Publication 24 April 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org